بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly
BADAR Qadian
Malayalam

വാല്യം 10

ലക്കം 36

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2025 സെപ്റ്റംബർ 04 • ഹി.ശം 1404 തബൂക് 04 • ഹി:ഖ 1446 റബീഉൽ അവ്വൽ 11

## അല്ലാഹുവിന്റെ വചനം

أُولٰٓئِكَ لَهُمۡ
نَصِيۡبٌ مِّمَّا كَسَبُوۡا ؕ
وَاللّٰهُ سَرِيۡعُ الۡحِسَابِ ۝
(سورۃ البقرۃ:203)

അവർക്കത്രെ തങ്ങൾ സമ്പാദിച്ചതിന്റെ ഒരു (നല്ല)അംശം ലഭിക്കുക. അല്ലാഹു അതിവേഗം കണക്കെടുക്കുന്നവനാകുന്നു.

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### കള്ളസത്യം ചെയ്യുന്നവരെ അല്ലാഹു വെറുക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മസ്ഊദ്ؓ നിവേദനം. നബിﷺതിരുമേനി പറഞ്ഞു: ആരുടെയെങ്കിലും ധനം അപഹരിക്കുക എന്നുദ്ദേശ്യത്തോടെ സത്യം ചെയ്താൽ അല്ലാഹു വെറുക്കുന്ന അവസ്ഥയിൽ അവനെ കണ്ടുമുട്ടുന്നതാണ്.

**വ്യാഖ്യാനം:** ഹദ്റത്ത് സയ്നുൽആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ്ؓ പറയുന്നു: ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്തിന്റെؓ സംഭവം ഇമാം മാലിക്ؓ മുഅ്ത്വായിൽ ചേർത്തിരിക്കുന്നു. അബ്ദുല്ലാഹ് ബിൻ മുത്വീയുമായിട്ട്ؓ ഏതോ കാര്യത്തിൽ വഴക്കുണ്ടായി. ഇതിന്റെ തീരുമാനത്തിനുവേണ്ടി മദീനയിലെ അമീറായ മർവാൻ ബിൻ ഹകമിന്റെ അടുത്തുപോയി. അദ്ദേഹം ആഗ്രഹിച്ചത് ഹദ്റത്ത് സയ്ദ് ബിൻ ഥാബിത്ؓ നബിﷺതിരുമേനിയുടെ മിമ്പറിൽക്കയറി സത്യം ചെയ്യണമെന്നാണ്. അപ്പോൾ അദ്ദേഹം പറഞ്ഞു: ഞാൻ എന്റെ സ്ഥലത്തുനിന്ന് സത്യം ചെയ്യുന്നതായിരിക്കും. മർവാൻ പറഞ്ഞു: **ലാ വല്ലാഹി ഇല്ലാ ഇൻദ മഖാത്വിയിൽ ഹുഖൂഖി** അല്ലാഹുവേ! അവകാശങ്ങളുടെ അന്ത്യതീരുമാനം ഉണ്ടാകാവുന്ന സ്ഥലത്തായിരിക്കും സത്യം ചെയ്യുക. എന്നാൽ ഹദ്റത്ത് സയ്ദ് ബിൻ ഥാബിത് എവിടെയായിരുന്നുവോ അവിടെനിന്ന്, അദ്ദേഹം തന്റെ അവകാശം ചോദിക്കുന്നതിൽ സത്യത്തിലാണെന്ന് സത്യം ചെയ്തു. ഇമാം ബുഖാരി(റഹ്) ഹദ്റത്ത് സയ്ദ് ബിൻ ഥാബിത് പറഞ്ഞതിനെ മർവാൻ ബിൻ ഹകമിന്റെ ഇജ്തിഹാദിനുമേൽ മുൻഗണന നല്കി. അതിന് പിന്തുണച്ചുകൊണ്ട് നബിﷺതിരുമേനിയുടെ മാർഗനിർദേശത്തിന്റെ ഉദ്ധരണി നല്കി. ഇതിൽ സ്ഥലത്തെ കുറിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. കള്ള സാക്ഷ്യം എവിടെ വെച്ച് ആരു ചെയ്താലും ദൈവശിക്ഷയ്ക്ക് അർഹനായിരിക്കും.

# ധാരാളം ആലിമീങ്ങൾ ഈ ജമാഅത്തിനെ എതിർത്തുവെന്ന് പറയാറുണ്ട്. ഇതു തെറ്റാണ്. അല്ലാഹു തന്റെ മുന്നറിയിപ്പുകളോടും വാദങ്ങളോടുംകൂടി വൈജ്ഞാനികമായ മുഅ്ജിസത്തുകൾ നമ്മെ പിന്തുണച്ചുകൊണ്ട് കാണിച്ച് എതിരാളികളിൽ ആലമീങ്ങളില്ലെന്ന് സ്ഥാപിച്ചിരിക്കുകയാണ്.

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്ؑന്റെ ഉപദേശങ്ങൾ

### വൈജ്ഞാനികമായ ദിവ്യാത്ഭുതങ്ങൾ:

ഹദ്റത്ത് മസീഹ് മൗഊദ്ؑ പറയുന്നു: "മുഅ്ജിസത്ത് അഥവാ ദിവ്യാത്ഭുതങ്ങൾ ജ്ഞാനത്തെക്കാൾ വലുതാണ്. നബിﷺതിരുമേനിയുടെ ഏറ്റവും വലിയ ദിവ്യാത്ഭുതം വിശുദ്ധ ഖുർആൻ തന്നെയായിരുന്നു. അതിപ്പോഴും നിലനിന്നുവരുന്നു." ഇതുണ്ടായത് സൂറ ഫാതിഹായുടെ തഫ്സീർ എഴുതിയപ്പോഴാണ്. അതു സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്ؑ (പീർമെഹ്ർ അലി ശാഹ്) ഗോൾഡവി തുടങ്ങിയ ഉലമാഇന്നെതിരിൽ വിജ്ഞാപനം നല്കിക്കൊണ്ട് എഴുതുന്നു:

അദ്ദേഹം പറഞ്ഞു: "ആലിമിൽനിന്ന് ഇൽമ് അഥവാ ജ്ഞാനം തിരിച്ചറിയപ്പെടുന്നു. നമ്മുടെ എതിരാളികളിൽ വാസ്തവത്തിൽ ഒരു ജ്ഞാനിയുമില്ല. ഒരാൾപോലുമില്ല. ഉണ്ടെങ്കിൽ വാഗ്വൈഭവമുള്ളതും സാഹിത്യസമ്പുഷ്ടവുമായ തഫ്സീർ അറബിയിലെഴുതി താൻ ആലിമാണെന്ന് എന്തുകൊണ്ട് സ്ഥാപിച്ചു കാണിക്കുന്നില്ല. കണ്ണുള്ളവനെ നീ കുരുടനാണെന്ന് പറഞ്ഞ് ആക്ഷേപിച്ചാൽ താൻ കണ്ണുളളവനാണെന്നതിന് തെളിവുനല്കുന്നതുവരെ അവൻ ലജ്ജിക്കുകയും ക്ഷമിക്കാതിരിക്കുകയും ചെയ്യുന്നു. അയാൾക്കുവേണ്ടത് താൻ ആലിമാണെന്നത് തന്റെ അറിവ് കാണിച്ചുകൊണ്ട് സ്ഥാപിക്കുകയാണ്."

പറഞ്ഞു: "ധാരാളം ആലിമീങ്ങൾ ഈ ജമാഅത്തിനെ എതിർത്തുവെന്ന് പറയാറുണ്ട്. ഇതു തെറ്റാണ്. അല്ലാഹു തന്റെ മുന്നറിയിപ്പുകളോടും വാദങ്ങളോടുംകൂടി വൈജ്ഞാനികമായ മുഅ്ജിസത്തുകൾ നമ്മെ പിന്തുണച്ചുകൊണ്ട് കാണിച്ച് എതിരാളികളിൽ ആലമീങ്ങളില്ലെന്ന് സ്ഥാപിച്ചിരിക്കുകയാണ്. ആലിമീങ്ങൾ എന്നെ എതിർത്തുവെന്ന് പറയുന്നത് തികച്ചും തെറ്റാണ്." *(മൽഫൂദാത്ത് വാള്യം 2, പേജ് 84, 2018 പതിപ്പ്, ഖാദിയാൻ)*

# ലോകത്ത് ധാരാളം കൽപിയിതാവും നിർമാതാവുമുണ്ട്. എന്നാൽ, അവരുടെ കണ്ടുപിടിത്തങ്ങൾ അല്ലാഹുവിന്റെ കണ്ടുപിടിത്തങ്ങൾക്കെതിരിൽ ഒരു യാഥാർഥ്യവും ഉൾക്കൊള്ളുന്നില്ല.

സയ്യിദുനാ ഹദ്റത്ത് മുസ്വ്ലിഹ് മൗഊദ്ؓ അൽമുഅ്മിനൂൻ എന്ന അധ്യായത്തിലെ 13 - മുതൽ 18 - വരെയുള്ള വചനങ്ങൾക്ക് നല്കിയ വ്യാഖ്യാനത്തിൽ **വല്ലദീനഹും അലാ സ്വലവാത്തിഹിം യുഹാഫിള്ളൂൻ** എന്നതിന്റെ വ്യാഖ്യാനത്തിൽ പറയുന്നു:"ശാരീരികമായ സൃഷ്ടിപ്പിന്റെ അവസാനത്തിൽ അല്ലാഹു പറയുന്നു: **ഫതബാറക്കല്ലാഹു അഹ്സനുൽ ഖാലിഖീൻ** അതിനാൽ ഏറ്റവും നല്ല നിലയിൽ സൃഷ്ടിക്കുന്നവനായ അല്ലാഹു അനുഗ്രഹസമ്പൂർണനാകുന്നു.(23:15) ഇതേ ആയത്ത് ആത്മീയ സൃഷ്ടിപ്പിനോടൊപ്പവും ചേരുന്നുണ്ട്. അതായത് മനുഷ്യൻ ആത്മീയതയിൽ അഭിവൃദ്ധിപ്പെട്ട്പെട്ട് സ്ഥാനം കരസ്ഥമാക്കുമ്പോൾ അവനൊരു പുതിയ ആത്മീയജനനം പ്രദാനം ചെയ്യപ്പെടുന്നു. അതെല്ലാം മനുഷ്യർക്കും ഒരു വിസ്മയകരമായി കാണാൻ കഴിയുന്നു. അതുകണ്ടുകൊണ്ട് എല്ലാവരും അല്ലഹുവിനെ സ്തുതിക്കാൻ നിർബന്ധിതരായിത്തീരുന്നു.

ഈ ആയത്തിനോടൊപ്പം ഒരു ചരിത്ര സംഭവവും ബന്ധപ്പെട്ടിട്ടുണ്ട്. ഇതിവിടെ വിവരിക്കേണ്ടത് നിർബന്ധമാണെന്ന് കരുതുന്നു. നബിﷺതിരുമേനിയുടെ വഹ്യുകളെഴുതുന്ന ഒരാളുണ്ടായിരുന്നു. ഇയാളുടെ പേര് അബ്ദുല്ലാഹ് ബിൻ അബീ സർഹ് എന്നായിരുന്നു. നബിﷺ തിരുമേനിയുടെമേൽ എന്തെങ്കിലും വഹീ ഇറങ്ങുമ്പോൾ അയാളെ വിളിച്ച് എഴുതിക്കുമായിരുന്നു. ഒരുദിവസം നബിﷺതിരുമേനി ഈ ആയത്തുകൾ എഴുതിക്കുകയായിരുന്നു. **ഥുമ്മ അൻശഅ്നാഹു ഖൽഖൻ ആഖറ** എന്ന

ശേഷം പേജ് 10 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

**ഈ മൂന്ന് ദിനങ്ങൾ വളരെ അനുഗൃഹീതവും അല്ലാഹുവിന്റെ ഫള്‌ലുകളെ പ്രദർശിപ്പിക്കുന്നതുമായിരുന്നു. അല്ലാഹു ഈ മൂന്നു ദിനങ്ങളിൽ തന്റെ അളവറ്റ അനുഗ്രഹങ്ങൾകൊണ്ടു കടാക്ഷിച്ചത് അവന്റെ വളരെ ഔദാര്യമാണ്.**

**എം.ടി.എ. ഇപ്രാവശ്യം ഞാൻ മുമ്പേയും ജൽസയുടെ സമാപനദിവസം വിളംബരം ചെയതിരുന്നതുപോലെ ലോകത്തിലെ ഏകദേശം 56 രാജ്യങ്ങളിലെ 119 കേന്ദ്രങ്ങളുമായി ജൽസയെ ബന്ധിപ്പിച്ചിരുന്നു. ഇതും അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒരു വലിയ അനുഗ്രഹമാണ്. അതുകൊണ്ട്, ഈ ആധുനിക കണ്ടുപിടിത്തങ്ങൾ മുഖേന ലോകത്തിലെ എല്ലാ അഹ്മദികളെയും ഒരുമിച്ചു കൂട്ടിയത് അഹ്മദിയ്യാ ജമാഅത്തിന് ലഭിച്ച അല്ലാഹുവിന്റെ വലിയ അനുഗ്രഹങ്ങളിലൊന്നാണ്.**

**പങ്കെടുക്കുന്നവർ ഓർമവെക്കേണ്ടതാണ്. അവർ അല്ലാഹുവിന് നന്ദി കാണിക്കുന്നതോടൊപ്പം ഇതിനുവേണ്ടി പ്രവർത്തിക്കുന്നവരോടും നന്ദി കാണിക്കേണ്ടതാണ്. അല്ലാഹു എങ്ങനെയാണ് പ്രവർത്തകരുടെ ജോലികളിൽ എളുപ്പമുണ്ടാക്കിയത്. അതിനും നന്ദികാണിക്കേണ്ടതാണ്. അവരുടെ പ്രയാസങ്ങൾ അകറ്റി. എല്ലാ ജോലികളും മെച്ചപ്പെടുത്തി. അവർക്ക് കൂടുതൽക്കൂടുതൽ ജനവസേവനം ചെയ്യാൻ തൗഫീഖ് കിട്ടി.**

**പുരുഷന്മാരുടെ ജൽസാഗാഹിലും സ്ത്രീകളുടെ ജൽസാഗാഹിലും ആയിരക്കണക്കിന് പെൺകുട്ടികളും സ്ത്രീകളുമാണ് സേവനം ചെയ്തത്. എല്ലാ വർക്കും നിസ്വാർഥമായി സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. ഇവരെല്ലാവരും പങ്കെടുക്കുന്നവരുടെ നന്ദിക്കർഹരാണ്.**

**വിവിധ രാജ്യങ്ങളിൽ പ്രസ്സ്&മീഡിയ മുഖേന കോടിക്കിനാളുകൾവരെ ജൽസസാലാനയുടെ വാർത്തകളെത്തി.**

**ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ അഭിപ്രായങ്ങൾ**

**ഗസ്സയിലെ അബ്ദുൽകരീം ജൂദോസാഹിബിനെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്വ്ബ ജുമുഅ 2025 ആഗസ്റ്റ് 01, 1404 ള്വുഹൂർ 01, മസ്ജിദ് മുബാറക്, ഇസ്‌ലാമാബാദ്, ടിൽഫോർഡ് (സർറെ)യു.കെ.**

**ഖുത്വ്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**
**ایدہ اللہ تعالیٰ بنصرہ العزیز**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറത്തുൽ ഫാത്തിഹ എന്നിവ പാരായണം ചെയ്തശേഷം ഹുദൂർ അയ്യദഹുല്ലാഹ് പറഞ്ഞു:

കഴിഞ്ഞ ഞായറാഴ്ച, അല്ലാഹുവിന്റെ അനുഗ്രഹത്താൽ യു.കെ.ജൽസ സാലാനയ്ക്ക് തിരശ്ശീല വീണു. ഈ മൂന്നുദിനങ്ങൾ വളരെ അനുഗൃഹീതവും അല്ലാഹുവിന്റെ ഫള്‌ലുകളെ പ്രദർശിപ്പിക്കുന്നതുമായിരുന്നു. അല്ലാഹു ഈ മൂന്നു ദിനങ്ങളിൽ തന്റെ അളവറ്റ അനുഗ്രഹങ്ങൾ കൊണ്ടു കടാക്ഷിച്ചത് അവന്റെ വളരെ ഔദാര്യമാണ്.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ കാലാവസ്ഥയും അനുകൂലമായിരുന്നു. എല്ലാ പരിപാടികളും വളരെ വിജയകരമായി സമാപിച്ചു. ജൽസയിലെ മുഖ്യ കാര്യപരിപാടികളായ പ്രസംഗങ്ങൾക്കും മറ്റു പരിപാടികൾക്കും പുറമെ, വിവിധ വകുപ്പുകൾ തയ്യാറാക്കിയ തബ്‌ലീഗുപരവും വൈജ്ഞാനികവുമായ പ്രദർശനങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ അന്യരെ വളരെയധികം ആകർഷിച്ചു. കൂടാതെ മിക്ക അഹ്മദികൾക്കും അതുമുഖേന തങ്ങളുടെ അറിവ് വർധിപ്പിക്കാനും അവസരം ലഭിച്ചു. അതുപോലെ, എം.ടി.എ.യും ജൽസയിലെ കാര്യപരിപാടികളുടെ ഇടവേളകളിൽ വിവിധതരം വൈജ്ഞാനിക പരിപാടികൾ സംപ്രേക്ഷണം ചെയ്തിരുന്നു. അത് ആളുകളിൽ നല്ല മതിപ്പാണുണ്ടാക്കിയത്. മറ്റു രാജ്യങ്ങളിലുള്ള അഹ്മദികളും ഇത് വളരെയധികം ഇഷ്ടപ്പെട്ടു. ഇതിൽനിന്ന് ധാരാളം പുതിയ കാര്യങ്ങൾ അറിയാൻ സാധിച്ചു, കൂടാതെ എം.ടി.എ. ഈ വർഷം ലോകത്തിലെ ഏകദേശം 56 രാജ്യങ്ങളിലെ 119 കേന്ദ്രങ്ങളുമായി ജൽസയെ ബന്ധിപ്പിച്ചിരുന്നു.

ഈ ബന്ധത്തിലൂടെ ഇരുവശത്തുമുള്ള ആളുകൾക്ക് പരസ്പരം കാണാനും സാധിച്ചിരുന്നു. ഞങ്ങൾ ഇവിടെ ഇരുന്ന് അവരെ കണ്ടു. അവർ അവിടെ ഇരുന്ന് ഞങ്ങളേയും കണ്ടു. അവർ കേൾക്കുന്നത് വെറും ടിവി സംപ്രേഷണം മാത്രമായിരുന്നില്ല. പ്രത്യുത നേരിട്ടുള്ള ബന്ധവുമുണ്ടായിരുന്നു. അതു വളരെ അഗാധവും നല്ലതുമായ സ്വാധീനമുണ്ടാക്കി. ഈ സ്വാധീനം ഇവിടെ സന്നിഹിതരായ ആളുകളിൽ മാത്രം പരിമിതമായിരുന്നില്ല. ഇവിടെയുള്ള ആളുകൾ ഇതു വളരെ ഇഷ്ടപ്പെട്ടുവെന്നുമാത്രമല്ല വിവിധ രാജ്യങ്ങളിലിരുന്ന് ജൽസ കേൾക്കുന്നവരുടെ വികാരങ്ങളും ഇതേപോലെ തന്നെയായിരുന്നു. അവർക്ക് ജൽസയുടെ പന്തലിലിരുന്ന് ജൽസ കേൾക്കുന്ന പ്രതീതിയാണുണ്ടായത്. അവർ ആയിരക്കണക്കിന് മൈലുകൾ ക്കപ്പുറത്തായിരുന്നിട്ടും ഇപ്രകാരം അല്ലാഹു അവർക്ക് ജൽസ കേൾക്കാനുള്ള അവസരം നല്കി. അവർക്ക് സ്വയം ഇവിടെ സന്നിഹിതരാണെന്ന് പ്രതീതി അനുഭവപ്പെട്ടു. അതുകൊണ്ട്, ഈ ആധുനിക കണ്ടുപിടിത്തങ്ങൾ മുഖേന ലോകത്തിലെ എല്ലാ അഹ്മദികളെയും ഒരുമിച്ചു കൂട്ടിയത് അഹ്മദിയ്യാ ജമാഅത്തിന് ലഭിച്ച അല്ലാഹുവിന്റെ വലിയ അനുഗ്രഹങ്ങളിലൊന്നാണ്. ഉമ്മത്തുൻവ്വാഹിദ (ഒരൊറ്റ സമൂഹം)ആകുന്ന ഈ കാഴ്ച ലോകത്ത് മറ്റെവിടെയും കാണാൻ സാധിക്കില്ല.

ഈ വർഷം പൊതുവെ കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് ക്രമീകരണങ്ങൾ വളരെ മികച്ചതാണെന്ന് മിക്ക ആളുകളും അഭിപ്രായപ്പെട്ടു. കൂടാതെ പലരും ഇത് പ്രകടിപ്പിക്കുകയും ചെയ്തു. ഇവിടെ പങ്കെടുത്തവരും വിവിധ രാജ്യങ്ങളിലിരുന്ന് ടി.വിയിൽ പരിപാടികൾ കണ്ടവരും ഇതേ അഭിപ്രായക്കാരായിരുന്നു. ഒരു പ്രത്യേക അന്തരീക്ഷമായിരുന്നു. ഇതെല്ലാം അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങളാണ്. ജൽസയിൽ അല്ലാഹുവിന്റെ സവിശേഷമായ അനുഗ്രഹങ്ങൾ വർഷിക്കുന്നുണ്ടെന്ന് എല്ലാവർക്കും അസാധാരണമാംവിധം അനുഭവപ്പെട്ടു. അല്ലാഹു പറയുന്നു, 'നിങ്ങൾ അവന്റെ നന്ദിയുള്ള ദാസന്മാരാകുക, നിങ്ങൾ നന്ദി കാണിച്ചാൽ ഞാൻ അധികമധികമായി എന്റെ അനുഗ്രഹങ്ങൾ നിങ്ങളിൽ ചൊരിയും. കൂടുതൽ അനുഗ്രഹങ്ങൾ ഞാൻ നിങ്ങളിൽ വർഷിക്കും. ഏതുപോലെയെന്നാൽ അല്ലാഹു പറയുന്നു: ലഇൻ ശകർത്തും ലഅസീദന്നക്കും.(14:8) നിങ്ങൾ നന്ദി കാണിക്കുന്നതായാൽ ഞാൻ നിങ്ങൾക്ക് തീർച്ചയായും(അനുഗ്രഹം)വർധിപ്പിച്ചുതരുന്നതാണ്." അതുകൊണ്ട്, അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് കൂടുതൽ

അനന്തരാവകാശിയാകാൻ നന്ദി കാണിക്കേണ്ട ആവശ്യമുണ്ട്.

അല്ലാഹു തന്നെക്കുറിച്ച് ഇങ്ങനെ പറഞ്ഞു, **ഇന്നല്ലാഹ ശാക്കിറുൻ അലീം**(2:159) അതായത്, നിശ്ചയമായും അല്ലാഹു അതിനെ വിലമതിക്കുന്നവനും എല്ലാം നന്നായി അറിയുന്നവനുമാകുന്നു. അല്ലാഹുവിനുവേണ്ടി 'ശുക്‌ർ' എന്ന പദം ഉപയോഗിക്കുമ്പോൾ, അത് വിലമതിക്കുന്നവൻ എന്ന അർഥത്തിലാണ് പ്രയോഗിക്കുന്നത്. അപ്പോൾ അല്ലാഹു നന്ദിയുള്ളവരെ വിലമതിക്കുന്നു. തൽഫലമായി അല്ലാഹു അവരെ കൂടുതൽ അനുഗ്രഹിക്കുന്നു. അല്ലാഹു ഉടമസ്ഥനാണ്, അവന് ദാസന്മാരോടു നന്ദി പറയേണ്ടതില്ല, പ്രത്യുത അവരെ വിലമതിക്കുന്നത്, ദാസന്മാർ കാണിക്കുന്ന ഈ നന്ദിയെ മാനിക്കുന്നതിനാണ്. അതുകൊണ്ട് അവന് അറിവുമുണ്ട്, ആരാണ് യഥാർഥ നന്ദിയുള്ളവനെന്ന് അവനറിയാം. നന്ദി യഥാർഥമാണെങ്കിൽ, അവൻ കൂടുതൽ അനുഗ്രഹങ്ങൾ നല്കിക്കൊണ്ടിരിക്കും. ഇതു വെറും വാക്കുകളായിരിക്കരുത്, പ്രത്യുത നന്ദിവികാരമുണ്ടായിരിക്കണം. അല്ലാഹു തന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ ഈ വികാരം വളരെ യധികം സൃഷ്ടിച്ചിട്ടുണ്ട്, അല്ലാഹു അതിനെ വർധിപ്പിക്കുമാറാകട്ടെ.

ഇവിടെ പങ്കെടുത്തവരെല്ലാം ഇക്കാര്യവും ഓർക്കേണ്ടതാണ്. അല്ലാഹുവിന് നന്ദി പ്രകടിപ്പിക്കുന്നതുപോലെ ജോലി ചെയ്യുന്ന പ്രവർത്തകർക്കും നന്ദി പ്രകടിപ്പിക്കേണ്ടതാണ്. പ്രവർത്തിക്കുന്നവരുടെയെല്ലാം ജോലികൾ അല്ലാഹു എളുപ്പമാക്കിത്തന്നതിലും അവരുടെ ബുദ്ധിമുട്ടുകൾ നീക്കിയതിലും അവരുടെ എല്ലാ ജോലികളിലും പുരോഗതി വരുത്തിയതിലും കൂടുതൽ ആളുകളെ സേവിക്കാൻ അവർക്ക് തൗഫീഖു കിട്ടിയതിലും അങ്ങനെ പങ്കെടുക്കുന്നവർക്ക് കൂടുതൽ സൗകര്യങ്ങൾ ലഭിച്ചതിലും മികച്ച സൗകര്യങ്ങൾ പ്രാപ്തമായതിലും നന്ദി പ്രകടിപ്പിക്കേണ്ടതാണ്.

ഈ വർഷം അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഞാൻ ജൽസയുടെ സമാപന ദിവസം പറഞ്ഞതുപോലെ, 46,000-ൽ അധികം ഹാജരുണ്ടായിരുന്നു. എന്നല്ല ലജ്നയുടെ പിന്നീടുള്ള റിപ്പോർട്ടനുസരിച്ച്, ആ സമയത്ത് അവരുടെ എണ്ണം ശരിയായി കണക്കാക്കിയിരുന്നില്ല. അവർ പിന്നീട് അയച്ച റിപ്പോർട്ട് ഉൾപ്പെടുത്തിയാൽ, സ്ത്രീകളും പുരുഷന്മാരുമടക്കം ആകെ പങ്കെടുത്തവരുടെ എണ്ണം 50,000 വരും. കാരണം തങ്ങൾ 25,000 പേരുണ്ടായിരുന്നെന്ന് സ്ത്രീകൾ പറയുന്നു. അതിനാൽ, അല്ലാഹു എങ്ങനെയാണ് പ്രവർത്തകർ വഴി അവർക്ക് സൗകര്യങ്ങൾ ഉണ്ടാക്കിയതെന്നോർത്ത് ഈ 50,000 പേർ നന്ദിയുള്ളവരായിരിക്കേണ്ടതാണ്. അവർക്ക് ഗതാഗത കാര്യത്തിൽ ബുദ്ധിമുട്ടുകളുണ്ടായില്ല. ഭക്ഷണത്തിന്റെ കാര്യത്തിൽ ബുദ്ധിമുട്ടുകൾ നേരിട്ടില്ല. ജൽസയുടെ പരിപാടികൾ കേൾക്കുന്ന കാര്യത്തിലും ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടില്ല. കൂടാതെ അവരുടെ മറ്റു വിവിധ ആവശ്യങ്ങൾ നിറവേറ്റപ്പെടുകയും ചെയ്തു. താമസസൗകര്യവുമുണ്ടായിരുന്നു. അത് വളരെ പര്യാപ്തമായിരുന്നു. അതുപോലെ അതിഥികൾ ജമാഅത്തിന്റെ താമസസ്ഥലങ്ങളിൽ താമസിച്ചപ്പോൾ അവർക്കും മികച്ച സൗകര്യം ലഭിച്ചു. അതുകൊണ്ട്, അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ നടന്ന ജോലികളിലൊന്നും നമ്മുടെ ഒരു മികവുമില്ല;കേവലം അല്ലാഹുവിന്റെ അനുഗ്രഹമാണ്. ജോലി ചെയ്യുന്നവർ നന്ദിയുള്ളവരാകുമ്പോൾ, അതായത് അല്ലാഹു തങ്ങൾക്ക് തൗഫീഖ് നല്കിയതിലും തങ്ങളുടെ ജോലികൾക്ക് മികച്ച ഫലങ്ങൾ നല്കിയതിലും പ്രവർത്തകർ നന്ദിപ്രകടിക്കുന്നതുപോലെ വിവിധ മേഖലകളിൽനിന്നും വിവിധ വിദ്യാഭ്യാസ നിലവാരമുള്ള അനേകമാളുകൾ രാപ്പകൽ ഭേദമന്യേ അല്ലാഹുവിന്റെ പ്രീതിക്കുവേണ്ടിമാത്രം സ്വമേധയാ അവരുടെ ഡ്യൂട്ടികൾ നല്കിയതിൽ പങ്കെടുത്തവരും നന്ദിയുള്ളവരായിരിക്കേണ്ടതാണ്.

ഞാൻ പറഞ്ഞതുപോലെ, പുരുഷന്മാരുടെ ജൽസ സ്ഥലത്തും സ്ത്രീകളുടെ ജൽസ സ്ഥലത്തുമുള്ള വിവിധ വകുപ്പുകളിലെ പ്രവർത്തകരിൽ ആയിരക്കണക്കിന് കുട്ടികളും, പെൺകുട്ടികളും, ആൺകുട്ടികളും, സ്ത്രീകളും, പുരുഷന്മാരും ഉൾപ്പെടുന്നു. എല്ലാവർക്കും നിസ്വാർഥമായി സേവനം ചെയ്യാനുള്ള അവസരം ലഭിച്ചു. ഇവരെല്ലാവരും പങ്കെടുത്തവരുടെ നന്ദിക്കർഹരാണ്.

അതുപോലെ, കാനഡയിൽനിന്നും ഓസ്ട്രേലിയയിൽനിന്നും ധാരാളം ഖുദ്ദാം വന്നിരുന്നു, അവർ ജൽസയ്ക്കുമുമ്പേയും ജൽസ സമയത്തും സഹായിച്ചു. ശേഷമുള്ള വൈൻഡപ്പ് കാര്യങ്ങളിലും സഹായിക്കുന്നു. അല്ലാഹു അവർക്കും പ്രതിഫലം നല്കുമാറാകട്ടെ. ഒരു ഹദീഥിൽ ഇപ്രകാരം വന്നിരിക്കുന്നു, "അല്ലാഹു തന്റെ ദാസരോടു പറഞ്ഞു, എന്റെ ഇന്ന ദാസൻ നിന്നോട് ഔദാര്യം കാണിച്ചു, നീ അവനോട് നന്ദി പറഞ്ഞില്ല. അപ്പോൾ ദാസൻ പറയും, അല്ലാഹുവേ, നീയല്ലേ എന്നോടു ഔദാര്യം കാണിച്ചത്. ഞാൻ നിന്നോടു നന്ദി പറഞ്ഞു. ഞാൻ പറഞ്ഞുകൊണ്ടുമിരിക്കും. അപ്പോൾ അല്ലാഹു പറയും, 'ഇല്ല, ആ ദാസനിലൂടെയാണ് ഞാൻ നിന്നോട് ഔദാര്യം കാണിച്ചത്, അങ്ങനെയാണ് നിന്റെ ജോലികൾ നടന്നത്.' അതുകൊണ്ട് ആ ദാസനോട് നന്ദി പറയേണ്ടതും ആവശ്യമാണ്.*(മജ്മഉസ്സവാഇദ് വാല്യം 8, പേജ് 233, കിതാബുൽ ബിർറി വസ്സിലത്തി, ബാബു ശുക്‌റുൽ മഅ്റൂഫ്....ഹദീഥ് 13634, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റൂത്ത് 2001)*

അതിനാൽ അല്ലാഹു തനിക്കുവേണ്ടി ചെയ്യുന്ന ഈ ജോലികളെ വളരെയധികം വിലമതിക്കുന്നു, 'അവരോടു നന്ദി പറയുക' എന്ന് അവൻ പറയുന്നു. കൂടാതെ, അല്ലാഹുവിന്റെ ദാസന്മാരോടു നന്ദിയുള്ളവരായിരിക്കണമെന്നാണ് അവൻ നമ്മളിൽ നിന്നും ആഗ്രഹിക്കുന്നത്. അങ്ങനെ പൂർണമായും നന്ദിയുള്ള ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെടുന്നു. അവിടെ നാലു ഭാഗത്തുനിന്നും നന്ദിയുണ്ടാകും. ഇക്കാര്യം നമ്മളെപ്പോഴും ഓർക്കേണ്ടതാണ്. ഞാൻ സൂചിപ്പിച്ചതുപോലെ, ഇക്കൂട്ടർ അതായത് പ്രവർത്തകർ നന്ദിക്കർഹരാണ്. അന്യരേയും ഇതുവല്ലാതെ സ്വാധീനിക്കുന്നുണ്ട്. അവരുടെ വികാരം കാണുമ്പോൾ അവരിൽ സ്വാധീനമുണ്ടാകുന്നു. കുട്ടികൾപ്പോലും ഡ്യൂട്ടി ചെയ്യുകയും, വെള്ളം നല്കുന്നിടത്തും, ഭക്ഷണം പാകം ചെയ്യുന്നിടത്തും അതിഥി സൽക്കാരത്തിലും വിവിധ സ്ഥലങ്ങളിലെ ശുചിത്വപ്രവർത്തനങ്ങളിലുമെല്ലാം സന്തോഷത്തോടെ വ്യാപൃതരാകുന്നത് കാണുമ്പോൾ അവർ അത്ഭുതപ്പെട്ടു പോകുന്നു. ഒരുപാട് നല്ല പ്രതികരണങ്ങൾ ലഭിച്ചിട്ടുണ്ട്. ഇവിടെ വന്ന അതിഥികളുടെ പല അഭിപ്രായങ്ങളും ഇങ്ങനെയാണ്, ഞങ്ങൾ വിവിധ ജോലികൾ ചെയ്യുന്നവരോടു അവരുടെ നിത്യവൃത്തിക്കുള്ള ജോലിയെ കുറിച്ച് അന്വേഷിച്ചു. അവർ ചെയ്യുന്ന രീതി കണ്ടപ്പോൾ അവർ കൂലിപ്പണിക്കാരായിരിക്കുമെന്ന് ഞങ്ങൾ വിചാരിച്ചു. ഒരാൾ പറഞ്ഞു, ഞാൻ ഒരു സ്ഥാപനത്തിലെ ഉദ്യോഗസ്ഥനാണ്. മറ്റൊരാൾ പറഞ്ഞു, ഞാൻ അധ്യാപകനാണ്. ഒരാൾ പറഞ്ഞു, ഞാൻ പി.എച്ച്.ഡി. വിദ്യാർഥിയാണ്. ഒരാൾ പി.എച്ച്.ഡി. ബിരുദം നേടിയിട്ടുണ്ട്. അതുകൊണ്ട്, ഹദ്റത്ത് മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കാനും അല്ലാഹുവിന്റെ പ്രീതി നേടാനുംവേണ്ടി സ്വയം സമർപ്പിക്കുന്ന ഇത്തരത്തിലുള്ള ആവേശക്കാരായ ആളുകളുണ്ട്.

അതിനാൽ, ഇക്കാര്യം ആവശ്യപ്പെടുന്നുത് പങ്കെടുത്തവരെല്ലാം ഈ പ്രവർത്തകരോടു നന്ദിയുള്ളവരായിരിക്കണമെന്നാണ്. കൂടാതെ പ്രവർത്തകരും നന്ദിയുള്ളവരായിരിക്കേണ്ടതാണ്. കാരണം അവർക്ക് വർഷം മുഴുവൻ യഥാർഹം തബ്ലീഗ് ചെയ്യാനോ ജമാഅത്തിന്റെ സന്ദേശം പ്രചരിപ്പിക്കാനോ അവസരം ലഭിക്കുന്നില്ലെങ്കിലും, ഇവിടെ ജൽസയിൽ ഡ്യൂട്ടി ചെയ്യുമ്പോൾ വിവിധ ആളുകളെ കാണാൻ അവർക്ക് അവസരം ലഭിക്കുന്നു. ഇവിടെ അന്യരും വരുന്നു. വിവിധ രാജ്യങ്ങളിൽ നിന്ന് ജമാഅത്തിനെക്കുറിച്ച് പ്രാഥമികമായി മാത്രം അറിയുന്നവരും വരുന്നു. ഈ അതിഥികൾ അഹ്മദികൾ പറയുന്നത് പ്രവർത്തിക്കുന്നവരാണോ എന്ന് നോക്കിക്കാണാനാണ് വരുന്നത്. വിവിധ തൊഴിൽമേഖലകളിലുള്ള ഈ പ്രവർത്തകർ ഇങ്ങനെ ജോലി ചെയ്യുമ്പോൾ, സാധാരണ തൊഴിലാളികളെപ്പോലെ ജോലി ചെയ്യുമ്പോൾ, അത് അവരിൽ വലിയ സ്വാധീനം ചെലുത്തുന്നു. അവർ അത് പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഒരു നിശബ്ദ തബ്ലീഗാണിത്. ഈ അഭിപ്രായപ്രകടനത്തിന്റെ ചില ഉദാഹരണങ്ങൾ ഞാൻ ഇവിടെ അവതരിപ്പിക്കാം. എണ്ണമറ്റ ഉദാഹരണങ്ങളുണ്ട്. അല്ലാഹു എങ്ങനെയാണ് ജനഹൃദയങ്ങളിൽ സ്വാധീനം ചെലുത്തുന്നതെന്ന് അനേകമാളുകൾ എനിക്ക് തങ്ങളുടെ അഭിപ്രായം അയച്ചുകൊണ്ടിരിക്കുന്നു. അവരെ ജൽസയിലെ പ്രസംഗങ്ങൾ സ്വാധീനിക്കുന്നതിനോടൊപ്പം, നമ്മുടെ പ്രവർത്തകരുടെ ജോലികളും കുട്ടികളുടെ പെരുമാറ്റവും സ്വാധീനം ചെലുത്തുന്നു. അതുകൊണ്ട്, ഈ നിശബ്ദ തബ്ലീഗും, ഇസ്‌ലാമിന്റെ യഥാർഥ സന്ദേശവുമാണ് അഹ്മദിയ്യാ ജമാഅത്തുവഴി ആളുകളിലെത്തുന്നത്.

അതുപോലെ ജമാഅത്തിൽ പുതുതായി വരുന്നവർക്കും ആ

ദ്യമായി ഇവിടെ വരുന്നവർക്കും പ്രോത്സാഹനം ലഭിക്കുന്നു. ഇവിടെയുള്ളവർ അവരെ എത്രമാത്രം ബഹുമാനത്തോടെയാണ് സൽക്കരിക്കുന്നത്. അവരോടു എത്രമാത്രം നന്നായി പെരുമാറുന്നുവെന്ന് അവർ കാണുന്നു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിന് നമ്മളെല്ലാം അല്ലാഹുവിനോടു നന്ദിയുള്ളവരായിരിക്കണം.

ഞാൻ പറഞ്ഞതുപോലെ ചില അഭിപ്രായങ്ങൾ ഇപ്പോൾ അവതരിപ്പിക്കാം.

റോഡറിഗസ് ഐലൻഡിലെ (Rodrigues Island) പോലീസ് ഫോഴ്സിന്റെ അസിസ്റ്റന്റ് കമ്മീഷണർ മിസ്റ്റർ മനോജ് ലോചൻ ഇവിടെ വന്നിരുന്നു. അദ്ദേഹം പറയുന്നു: “ഒരു പോലീസ് കമ്മീഷണർ, ഒരു ഡിവിഷണൽ കമാൻഡർ എന്നീ നിലകളിൽ ഞാൻ പല സർക്കാർ, സാമൂഹിക പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ജൽസയുടെ ദിവസങ്ങളിൽ ഞാൻ കണ്ടത് വളരെ മാതൃകാപരമായ ഒരു കാര്യമാണ്. സംഘടനയുടെയും അച്ചടക്കത്തിന്റെയും ഒരു അമൂല്യ പാഠമായിരുന്നു അത്. പതിനായിരം സന്നദ്ധപ്രവർത്തകരുടെ സാന്നിധ്യം ഒരത്ഭുതമായിരുന്നു. എല്ലാവരും മാതൃകാപരമായ അർപ്പണബോധത്തോടെ തോളോടു തോൾച്ചേർന്ന് സേവനം ചെയ്തു. ഞാൻ ഒരു സന്നദ്ധപ്രവർത്തകനെ കണ്ടു, അദ്ദേഹത്തിന്റെ കൈക്ക് മുറിവേറ്റ് കെട്ടിയിട്ടിരിക്കുകയായിരുന്നു. എന്നിട്ടും അദ്ദേഹം പുഞ്ചിരിയോടെ മറ്റുള്ളവരെ സേവിക്കുകയായിരുന്നു. അദ്ദേഹം പറയുന്നു, ഞാൻ ഡോക്ടർമാർ, ഐ.ടി പ്രൊഫഷണലുകൾ, ബിസിനസ്സുകാർ, പി.എച്ച്.ഡി ഹോൾഡർമാർ എന്നിവരെ കണ്ടു. അവർ വളരെ വിനയത്തോടും ദൃഢനിശ്ചയത്തോടുംകൂടി സേവനങ്ങളിൽ ഏർപ്പെട്ടിരുന്നു. ഞങ്ങളെ ജൽസ സാലാനയിലേക്ക് കൊണ്ടുപോയ ഡ്രൈവറോടു ഞാൻ അദ്ദേഹത്തിന്റെ തൊഴിൽ ചോദിച്ചപ്പോൾ, അദ്ദേഹം ബയോകെമിസ്ട്രിയിൽ പിഎച്ച്ഡി എടുത്തിട്ടുണ്ടെന്ന് പറഞ്ഞു. ഇതെന്നെ വളരെ ആഴത്തിൽ സ്വാധീനിച്ചു. സ്വസമുദായത്തിന്റെ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ഇങ്ങനെയുള്ള അർപ്പണബോധവും വിനയവും ഞാനെന്റെ ജീവിതത്തിൽ മുമ്പേയൊരിക്കലും അനുഭവിച്ചിട്ടില്ല.’ അദ്ദേഹം തുടർന്നു പറയുന്നു: ‘വളരെ മികച്ച പരിപാടിയായിരുന്നു. സുരക്ഷാക്രമീകരണങ്ങൾ വളരെ ഉന്നതമായിരുന്നു. എന്തായാലും എല്ലാ കാര്യങ്ങളും എന്നിൽ അഗാധവും നിലനിൽക്കുന്നതുമായ ഒരു സ്വാധീനമാണ് ചെലുത്തിയത്. ഞാനെന്റെ രാജ്യത്തേക്ക് മടങ്ങുമ്പോൾ ഇവിടെനിന്ന് ഞാൻ കൊണ്ടുപോകുന്ന ഓർമകൾ ഒരുപാടുണ്ട്. അവ ഞാൻ എന്റെ സഹപ്രവർത്തകരായ പോലീസ് ഉദ്യോഗസ്ഥരുമായും കുടുംബാംഗങ്ങളുമായും പങ്കിടുന്നതായിരിക്കും.

ബെൽജിയത്തിൽ നിന്നുള്ള ഒരു അതിഥി, ഹാൻസ് നൂട്ട് സാഹിബ്, അദ്ദേഹം മനുഷ്യാവകാശ സംഘടനയായ എച്ച് ആർ ഡബ്ല്യു എഫ്-ന്റെ പ്രതിനിധിയാണ്, ജൽസയിൽ പങ്കെടുത്തു. അദ്ദേഹം പറയുന്നു: ഈ അസാധാരണമായ സംഗമത്തിന്റെ ഭാഗമാകാൻ കഴിഞ്ഞത് എനിക്ക് യഥാർഥ സന്തോഷം പ്രദാനം ചെയ്തു. ഇതു വെറും ഒരു അവിസ്മരണീയ അനുഭവം മാത്രമല്ല. നിങ്ങളുടെ ഊഷ്മളതയും മികച്ച ആതിഥേയത്വവുംകൊണ്ട് ഇതു അഗാധമായ സ്വാധീനം ചെലുത്തുന്ന അനുഭവമായി മാറി. ആയിരക്കണക്കിനാളുകൾ നിരവധി ദിവസത്തേക്ക് പങ്കെടുത്ത ഇത്രയും വലിയ ഒരു സംഗമം സംഘടിപ്പിച്ചത് തീർച്ചയായും ഒരു അസാധാരണ വിജയമാണ്. സന്നദ്ധപ്രവർത്തകരുമായി സംസാരിച്ചപ്പോൾ ഓരോ വകുപ്പും എങ്ങനെയാണ് മാസങ്ങൾക്കുമുമ്പേതന്നെ ഒരുക്കങ്ങൾ ആരംഭിച്ചതെന്ന് എനിക്കു മനസ്സിലായി. ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും, ആളുകൾക്ക് വളരെ വ്യക്തമായ രീതിയിൽ പരിശീലനം നല്കുകയും ചെയ്യുന്നു. സംഘടനാപാടവം മാത്രമല്ല, അതിനു പിന്നിലുള്ള ഉദാത്തമായ ധാർമിക അടിത്തറയും എന്നെ ആകർഷിച്ചു. പരിശീലനം നല്കുന്നവർ നിയമങ്ങൾ വിശദീകരിക്കുക മാത്രമല്ല, മനുഷ്യരാശിയുടെ സേവനവും, വിനയവും ആതിഥ്യമര്യാദയും പോലുള്ള മൂല്യങ്ങളും പ്രോത്സാഹിപ്പിക്കുന്നു. ഈ മൂല്യങ്ങൾ ഓരോ ഉത്തരവാദിത്വത്തിലും പ്രകടമായിരുന്നു. കാർപാർക്കിൽ വഴികാട്ടുന്നവരോ, ശുചിമുറികൾ വൃത്തിയാക്കുന്നവരോ, ഭക്ഷണം വിളമ്പുന്നവരോ, രജിസ്റ്റർ ചെയ്യുന്നവരോ, അല്ലെങ്കിൽ സുരക്ഷാ പരിശോധന നടത്തുന്നവരോ ആരുമാകട്ടെ, ഓരോ വ്യക്തിയും അവരവരുടെ ഉത്തരവാദിത്വങ്ങൾ അന്തസ്സോടും സഹാനുഭൂതിയോടുംകൂടി നിർവഹിച്ചു. ജമാഅത്തിന് പുറമേയുള്ള ഒരു അതിഥി എന്ന നിലയിൽ, ഞാൻ വളരെ ഏകോപിതമായ ഒരു സംവിധാനം കണ്ടു. ഒരു വലിയ പ്രശ്നമോ തർക്കമോ ഞാനിവിടെ കണ്ടിട്ടോ കേട്ടിട്ടോ ഇല്ല. ഇതു നിങ്ങളുടെ ജമാഅത്ത് സമാധാനത്തിന്റെയും അഹിംസയുടെയും പ്രായോഗിക പരിശീലനം ആഴത്തിൽ ഉൾക്കൊണ്ടിരിക്കുന്നുവെന്ന് കാണിക്കുന്നു. കൂടാതെ, അദ്ദേഹം പറയുന്നു, ‘ഞാൻ കണ്ട ഒരു പ്രധാന കാര്യം, നിങ്ങളുടെ ജമാഅത്ത് വിദ്യാഭ്യാസത്തോടും ബൗദ്ധിക വികാസത്തോടുമുള്ള ഗൗരവപൂർവമായ സമീപനമാണ് കാഴ്ചവയ്ക്കുന്നതെന്നാണ്. ജൽസയിൽ മികച്ച പ്രകടനം കാഴ്ചവെച്ച വിദ്യാർഥികളുടെ പേരുവിവരങ്ങൾ പ്രഖ്യാപിച്ചു. ഈ നടപടി നിങ്ങളുടെ വ്യക്തിഗത വികാസത്തെയും വിജ്ഞാനത്തോടുള്ള ആദരവിനെയും പ്രതിഫലിപ്പിക്കുന്നു. ജൽസയിൽ ഞാൻ പലപ്പോഴും സത്യസന്ധമായ സഹാനുഭൂതിയുടെ പ്രകടനങ്ങൾ കണ്ടു. മാതാപിതാക്കൾക്ക് കുട്ടികളോടുള്ള വാത്സല്യം, ഗ്രൂപ്പ് നേതാക്കളുടെ ടീമിനോടുള്ള കരുതൽ, സന്നദ്ധപ്രവർത്തകർ സ്വമേധയാ സഹായത്തിന് മുന്നോട്ടുവരുന്നത്, അതിഥികളോടു-അവർ അപരിചിതരാണെങ്കിൽപ്പോലും-ഞങ്ങൾ നിങ്ങൾക്ക് എന്തു സേവനമാണ് ചെയ്യേണ്ടതെന്ന് ചോദിക്കുന്നത്, പൊതുവെ ആളുകൾ അവരുടെ ഉത്തരവാദിത്വങ്ങളെക്കാൾ കൂടുതലായി സേവനം ചെയ്യുന്നത് ഞാൻ കണ്ടു. കൂടാതെ, അദ്ദേഹം പറയുന്നു: നിങ്ങളുടെ ജമാഅത്ത് ആത്മീയ നവീകരണത്തോടും ബൗദ്ധിക വിശാലതയോടും ബന്ധപ്പെട്ടിരിക്കുന്നുവെന്ന് കണ്ടപ്പോൾ എനിക്ക് സന്തോഷകരമായ ആശ്ചര്യം തോന്നി. നിങ്ങളുടെ വിശ്വാസമനുസരിച്ച്, ഇന്നും അല്ലാഹു മനുഷ്യരുമായി സംസാരിക്കുന്നു എന്നറിഞ്ഞപ്പോൾ എനിക്ക് സന്തോഷമായി. അല്ലാഹു തന്റെ ഗുണം ഉപേക്ഷിച്ചിട്ടില്ല, പ്രത്യുത നല്ല നേതൃത്വത്തിലൂടെയും ദിവ്യബോധനത്തിലൂടെയും അല്ലാഹു തന്റെ ദൗത്യം തുടരുന്നു.

ബ്രസീലിൽ നിന്നുള്ള സംസ്ഥാന പാർലമെന്റംഗം യൂരി മൗറ പറയുന്നു: ഇസ്‌ലാമിന്റെ വിവേകപൂർണ്ണമായ ഉപദേശങ്ങൾ അറിഞ്ഞപ്പോൾ എനിക്ക് വലിയ സന്തോഷം തോന്നി. നമസ്കാരവേളയിലെ ദൃശ്യം വളരെ ഹൃദയസ്പർശിയായിരുന്നു, അതുപോലെ പാരായണം ചെയ്ത കവിതകൾ എന്റെ ഹൃദയത്തിൽ രൂഢമൂലമായി. ഇതെനിക്ക് മറക്കാനാവാത്ത ഒരു അനുഭവമായിരുന്നു. കൂടാതെ അതിഥി സൽക്കാരത്തെക്കുറിച്ചുള്ള ഖലീഫയുടെ പ്രസംഗവും എന്നെ സ്വാധീനിച്ചു. 46,000 ആളുകൾ ഇവിടെ ഒത്തുകൂടി എന്നത് എന്നെ അത്ഭുതപ്പെടുത്തി. ചെറിയ കുട്ടികൾപോലും ആളുകൾക്ക് വെള്ളം നല്കാൻ സ്വയം ആഗ്രഹം പ്രകടിപ്പിക്കുന്നത് ഞാൻ എന്റെ കണ്ണുകൊണ്ട് കണ്ടു. ഈ സൃഷ്ടിസേവനത്തിന്റെയും ത്യാഗത്തിന്റെയും വികാരം പരിശീലനം ലഭിച്ച ഹൃദയങ്ങളിൽ മാത്രമേ ഉണ്ടാകൂ.അഹ്മദികൾ യഥാർഥത്തിൽ സ്നേഹിക്കുന്നവരും മര്യാദയുള്ളവരും ആത്മാർഥതയുള്ളവരുമാണെന്ന് ഇതിൽനിന്ന് എനിക്ക് മനസ്സിലായി. ഈ ജമാഅത്ത് ജനങ്ങൾക്കും, രാജ്യങ്ങൾക്കും, മതങ്ങൾക്കുമിടയിൽ അകലം സൃഷ്ടിക്കുന്നതിനുപകരം, സ്നേഹവും വാത്സല്യവും കൊണ്ട് ഹൃദയങ്ങളെ ബന്ധിപ്പിക്കാൻ പഠിപ്പിക്കുന്നു. അഹ്മദിയ്യാ ജമാഅത്ത് നല്കുന്ന പാഠങ്ങൾ സ്വയം പ്രാവർത്തികമാക്കുകയും ചെയ്യുന്നുവെന്നത് തികച്ചും സത്യമാണ്, അത് ലോകത്തിന് ഒരു മാതൃകയാണ്. ഇക്കാര്യങ്ങൾ കണ്ടപ്പോൾ എന്റെ ഹൃദയത്തിന് വലിയ ശക്തി ലഭിച്ചു. മനുഷ്യരാശിയെക്കുറിച്ചുള്ള എന്റെ ചിന്തകളും കൂടുതൽ മെച്ചപ്പെട്ടു. അദ്ദേഹം വീണ്ടും പറയുന്നു: “നിങ്ങളുടെ മതം എന്റെ മതത്തിൽ നിന്ന് വ്യത്യസ്തമായിരിക്കാം. പക്ഷേ, ഇത് മനുഷ്യരെ വേർതിരിക്കുന്നതിനുപകരം ബന്ധിപ്പിക്കുന്ന ഒരു മതമാണ്. നിങ്ങളെപ്പോഴും ഈ പ്രകാശത്തിന്റെ ഗോപുരമായി തുടരണമെന്ന് ഞാൻ പ്രാർഥിക്കുന്നു. ബ്രസീലിലും ലോകമെമ്പാടും അഹ്മദിയ്യാ ജമാഅത്ത് സുരക്ഷിതമായിരിക്കട്ടെ, വളരട്ടെ. അഹ്മദികൾ ലോകമെമ്പാടും ആത്മീയ, മത, വിദ്യാഭ്യാസ, മാനുഷിക മേഖലകളിൽ എങ്ങനെയാണ് അവരുടെ പങ്ക് വഹിക്കുന്നതെന്ന് നേരിട്ടുവന്ന് കാണാൻ ഞാൻ ആളുകളോടു പ്രത്യേകിച്ച് ബ്രസീലിയൻ ജനതയോടു പറയാനാഗ്രഹിക്കുന്നു.

പിന്നിടുള്ളത് റോസ്തിയോ കാർട്ടസ് സാഹിബയാണ്. ഇവരുടെ ബന്ധം ചിലിയുമായിട്ടാണ്.

കത്തോലിക് യൂണിവേഴ്സിറ്റിയിൽ തിയോളജി (ദൈവശാസ്ത്രം) ഇന്റർഫെയ്ത്ത് ഡയലോഗ് (മതങ്ങൾ തമ്മിലുള്ള ചർച്ച) എന്നിവയിലെ പ്രൊഫസറാണ്. അവർ പല സർവമത സമ്മേളനങ്ങളിലും പങ്കെടുക്കാറുണ്ട്, ഈ വർഷം ജൽസയിൽ പങ്കെടുത്തു. അവർ പറയുന്നു: "ജൽസയുടെ എല്ലാ വശങ്ങളും വളരെ മികച്ച രീതിയിൽ സസൂക്ഷ്മം സംഘടിപ്പിച്ചിരിക്കുന്നു. ഇത് ഒരു സമാനതകളില്ലാത്ത പരിപാടിയാണ്. ശുചിമുറിയിൽ പോകേണ്ട ആവശ്യം വരാതിരിക്കുന്നതിന് ആദ്യ ദിവസം കഴിയുന്നത്ര കുറച്ച് കഴിക്കുകയും കുടിക്കുകയും ചെയ്യാനാണ് ഞാൻ ശ്രമിച്ചത്. ലോകത്തിലെ മേളകളിൽ കാണുന്നതുപോലെ ഇത്രയും വലിയ ജനക്കൂട്ടം കാരണം ശുചിമുറികൾ വൃത്തിഹീനമായിരിക്കുമെന്നും ഉപയോഗിക്കാൻ പറ്റാത്തതായിരിക്കുമെന്നും, ബുദ്ധിമുട്ടുകളുണ്ടാകുമെന്നുമൊക്കെ അവർ വിചാരിച്ചു. എന്തായാലും, അവർക്ക് ശുചിമുറിയിൽ പോകേണ്ട ആവശ്യം വന്നപ്പോൾ അവിടെ കണ്ട കാഴ്ച അവരെ അത്ഭുതപ്പെടുത്തി. അവർ ഞങ്ങളുടെ പ്രതിനിധിയോടു പിന്നീട് പറഞ്ഞു, നിങ്ങളുടെ ആളുകളുടെ ശുചിത്വ നിലവാരം സമാനതകളില്ലാത്തതാണ്. ശുചിമുറികൾ കാണുമ്പോൾ ഇതുവരെ അവയാരും ഉപയോഗിക്കാത്തതുപോലെ തോന്നി. ചിലയാളുകൾ അതായത് നമ്മുടെ അഹ്മദി സഹോദരങ്ങൾ ശുചിമുറികൾ വൃത്തിഹീനമായിരുന്നുവെന്ന് പരാതിപ്പെട്ടിട്ടുണ്ട്. അഹ്മദികളോട് ഞാൻ പലപ്പോഴും പറഞ്ഞിട്ടുള്ളത് നിങ്ങൾ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ സഹായിക്കണം, നിങ്ങൾ സ്വയം ഉപയോഗിച്ചശേഷം അവ നന്നായി വൃത്തിയാക്കിവേണം തിരിച്ചുപോകാൻ എന്നാണ്. ഓരോ അഹ്മദിയും ഈ വിഷയത്തിൽ ശ്രദ്ധിച്ചാൽ, ഈ നിലവാരം കൂടുതൽ മെച്ചപ്പെടുത്താൻ കഴിയും. അതുപോലെ, അവർ ജമാഅത്തിന്റെ പരസ്പര സാഹോദര്യത്തെയും ഐക്യത്തെയും കുറിച്ച് സംസാരിച്ചു. ലാറ്റിൻ അമേരിക്കയിൽനിന്നുവന്ന ജമാഅത്തിൽപ്പെടാത്ത അതിഥികളായ ഞങ്ങളും നിങ്ങളെപ്പോലെയായി മാറി. നിങ്ങളുടെ ജൽസയുടെ അന്തരീക്ഷത്തിന്റെ സ്വാധീനത്താൽ ഞങ്ങളിലും ഇതേ ആത്മാവ് ഉണ്ടായിരിക്കുന്നു. ജൽസക്കുമുമ്പേ ഞങ്ങൾക്ക് പരസ്പരം അറിയുമായിരുന്നില്ല. ജൽസയുടെ കാരണത്താൽ ഇപ്പോൾ ഞങ്ങൾ ഒരു കുടുംബംപോലെയായിരിക്കുന്നു.

ബെനിനിൽ നിന്ന് ഒരു വനിതാ അതിഥി ചാബി ആദം ടാരോ സഹിബ വന്നിരുന്നു. സാമൂഹ്യ കാര്യവകുപ്പ് മന്ത്രിയായിരുന്ന ചാബി ആദം ടാരോ സാഹിബ നിലവിൽ നാഷണൽ അസംബ്ലി പ്രസിഡന്റിന്റെ പൊളിറ്റിക്കൽ ടെക്നിക്കൽ അഡ്വൈസറായി ജോലി ചെയ്യുന്നു. അവർ പറയുന്നു: "ജൽസ സാലാനയിൽ പങ്കെടുക്കുന്നത് എന്റെ ആദ്യത്തെ അനുഭവമാണ്. അഹ്മദിയ്യാ മുസ്ലിം ജമാഅത്ത് വളരെ മികച്ച രീതിയിൽ സംഘടിപ്പിച്ച ഈ ആത്മീയ സംഗമത്തിൽ പങ്കെടുക്കാൻ അവസരം തന്നതിന് ഞാൻ വളരെ നന്ദിയുള്ളവളാണ്. എനിക്കു വളരെ ഊഷ്മളമായ വരവേൽപ്പാണ് ലഭിച്ചത്. വലിയ അച്ചടക്കമുണ്ടായിരുന്നു, എല്ലാ ടീമുകളും അവരുടെ പങ്ക് വഹിച്ചു, ഖലീഫയുടെ സന്ദേശങ്ങൾ ഈ പരിപാടിയെ കൂടുതൽ മികവുറ്റതാക്കി. ഞാനിവിടെനിന്ന് ഒരുപാട് കാര്യങ്ങൾ പഠിച്ചാണ് പോകുന്നത്. ജൽസസാലാന ഐക്യത്തിന്റെ ഒരു പ്രതീകം കൂടിയാണ്. ഇവിടെ വിവിധ ഭാഷാ സമൂഹങ്ങളിലും സാംസ്കാരിക പശ്ചാത്തലങ്ങളിലുംനിന്നുള്ള സഹോദരീസഹോദരന്മാർ ഒരുമിച്ചുകൂടുന്നു. കൂടാതെ അല്ലാഹുവിന്റെയും വിശുദ്ധ ഖുർആനിന്റെയും ഒരേ സന്ദേശത്തിൽ ബന്ധപ്പെട്ടിരിക്കുന്നു." അവർ തുടർന്ന് പറയുന്നു: 'എന്നെ ഇത്രയും ഊഷ്മളമായി സ്വീകരിക്കുകയും, എനിക്ക് സൗകര്യങ്ങളൊരുക്കുകയും, നല്ല രീതിയിൽ പെരുമാറുകയും ചെയ്ത ആളുകൾക്കും, ദേശീയ അസംബ്ലിയുടെ പ്രസിഡന്റിന്റെയും, ബെനിനിലെ ജനങ്ങളുടെയും ഭാഗത്തുനിന്ന് ഞാൻ നന്ദി പറയുന്നു.'

അർജന്റീനയിൽനിന്നുള്ള ഒരു അതിഥി, ഗാസ്റ്റൺ ഒക്കാമ്പോ, ഇപ്പോൾ പോർച്ചുഗലിലാണ് താമസിക്കുന്നത്. ഐ.പി.ഡി.എ.എൽ. എന്ന പ്രശസ്ത തിങ്ക്ടാങ്കിന്റെ ജനറൽ സെക്രട്ടറിയായി ജോലി ചെയ്യുന്നു. അദ്ദേഹം ഒരു കത്തോലിക്കനാണ്. എന്നാൽ, ഇസ്ലാമിലും താൽപ്പര്യമുണ്ട്. അദ്ദേഹം പറയുന്നു: 'ജൽസയിൽ നിങ്ങളുടെ ജമാഅത്തിന്റെ പല നല്ല ഗുണങ്ങളും കാണാൻ എനിക്ക് അവസരം ലഭിച്ചു. അതിൽ എനിക്കേറ്റവും ഇഷ്ടപ്പെട്ടത് നിങ്ങളുടെ യുവജനങ്ങൾ അവരുടെ മതത്തോട് പ്രതിബദ്ധതയുള്ളവരും, അവരുടെ ഉപദേശങ്ങൾ ഉറച്ച വിശ്വാസത്തോടെ പ്രാവർത്തികമാക്കുന്നവരുമാണ് എന്നതാണ്.' അദ്ദേഹം പറയുന്നു: 'ഞങ്ങളുടെ സമൂഹത്തിൽ കൂടുതലും നാമമാത്രമായ ക്രിസ്ത്യാനികളാണ്. അവർ അവരുടെ ഉപദേശങ്ങൾ പ്രാവർത്തികമാക്കുന്നില്ല. അതുപോലെ, ഞങ്ങളുടെ കത്തോലിക്കാ പരിപാടികളിൽ കൂടുതലും പ്രായമുള്ളവരാണ് പങ്കെടുക്കുന്നത്. എന്നാൽ, നിങ്ങളുടെ ജൽസയിൽ പങ്കെടുക്കുന്നവർ മാത്രമല്ല, പ്രധാനപ്പെട്ട സേവനങ്ങളും യുവജനങ്ങളെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതു കണ്ടപ്പോൾ എനിക്ക് ഒരു വശത്ത് സന്തോഷം തോന്നി. അതേസമയം ഒരു കത്തോലിക്കൻ എന്ന നിലയിൽ എനിക്ക് ലജ്ജയും തോന്നി. കാരണം നിങ്ങളിലുള്ള അച്ചടക്കത്തിന്റെ നിലവാരം ഞങ്ങളിലില്ല. നിങ്ങളുടെ ഖലീഫയെ ആളുകൾ ബഹുമാനിക്കുന്നതും, ആദരിക്കുന്നതും, അദ്ദേഹത്തോടുള്ള അവരുടെ ബന്ധം പ്രകടിപ്പിക്കുന്നതും മാതൃകാപരമാണ്.

ഇറ്റലിയിൽ നിന്നുള്ള ഒരു അതിഥി, യൂറോപ്യൻ പാർലമെന്റിന്റെ ഇറ്റലിയിലെ ഔദ്യോഗിക പ്രസിഡൻസിയുടെ ഡയറക്ടറായ ജോർജിയ യാക്കോലെ സാഹിബ പറയുന്നു: ഇതൊരു മതപരമായ സംഗമം മാത്രമായിരിക്കുമെന്ന് ഞാൻ വിചാരിച്ചു. പക്ഷേ, എനിക്ക് തെറ്റുപറ്റി. ജൽസസാലാന ആത്മാവിൽ ആഴത്തിൽ മുദ്ര പതിപ്പിക്കുന്ന ഒരു യഥാർഥ വൈകാരിക അനുഭവമാണ്. വിശ്വാസം, സാഹോദര്യം, ആത്മീയത എന്നിവ പരസ്പരം കോർത്തിണക്കപ്പെട്ടിരിക്കുന്ന ഒരു ലോകത്ത് ഞാൻ പ്രവേശിച്ചതുപോലെതോന്നി. ലോകത്തിന്റെ വിവിധ കോണുകളിൽനിന്ന് ആയിരക്കണക്കിനാളുകൾ ഒരേ ലക്ഷ്യത്തിനുവേണ്ടി ഒത്തുകൂടുന്നതും അല്ലാഹുവുമായും മനുഷ്യരാശിയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതും എനിക്ക് വളരെ ആകർഷകമായ അനുഭവമായിരുന്നു. എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ചത് മികച്ച സംഘാടനവും, എല്ലാ കാര്യങ്ങളും സന്നദ്ധപ്രവർത്തകർ വഴിയാണ് നടന്നത് എന്നതുമാണ്. അതിൽ കുട്ടികളും, യുവാക്കളും, സ്ത്രീകളും, പുരുഷന്മാരും ഉൾപ്പെട്ടിരുന്നു. എല്ലാവരും വളരെ ദയയും നല്ല സ്വഭാവവുമുള്ളവരായിരുന്നു. ഇതെല്ലാം അഹ്മദിയ്യാ ജമാഅത്തിന്റെ സമാധാനം, സേവനം, നിസ്വാർഥ സ്നേഹം എന്നിവയുടെ യഥാർഥ സന്ദേശത്തിന്റെ ഒരു നേരായ ചിത്രമാണ്." അവർ പറയുന്നു: "എന്റെ ഹൃദയത്തിൽ എന്നെന്നേക്കുമായി പതിഞ്ഞ ഒരു നിമിഷം, പ്രാർഥനയിൽ പങ്കെടുക്കാൻ ലഭിച്ച അവസരമാണ്. ആ നിശബ്ദത അഗാധമായ അർഥങ്ങളും ബന്ധങ്ങളും നിറഞ്ഞതായിരുന്നു. ജൽസസാലാന എനിക്ക് വെറുമൊരു പരിപാടിയല്ല, പ്രത്യുത സ്വയം വിലയിരുത്തുന്നതിനും മറ്റുള്ളവരോടെങ്ങനെ പെരുമാറണമെന്ന് ചിന്തിക്കുന്നതിനുമുള്ള ഒരു ക്ഷണമായിരുന്നു. അന്യരെയും ഇതെങ്ങനെ സ്വാധീനിക്കുന്നു.

കേയ്പ് വെർഡെ ഐലന്റിന്റെ തലസ്ഥാനമായ പ്രയയുടെ വൈ

**• ഹദീഥുന്നബ്വിﷺ •**

**"തഅല്ലമുൽയഖീന."**
**ദൃഢജ്ഞാനം ആർജിക്കുവിൻ.**

ത്വാലിബെ ദുആ
LATE P.V.SAINAB AND FAMILY
KARULAI, MALAPPURAM

**• ഹദീഥുന്നബ്വിﷺ •**

**"തഹാദൂ തഹാബ്ബൂ."**
**സ്നേഹം വർധിക്കുന്നതിനുവേണ്ടി പരസ്പരം സമ്മാനങ്ങൾ കൈമാറുവിൻ.**

ത്വാലിബെ ദുആ
PROF.M.K.ABDUL KAREEM AND FAMILY
KARULAI, MALAPPURAM

സ് മേയർ ഫ്രാൻഡോ പിറ്റോ സാഹിബ് ജൽസയിൽ വന്നു. അദ്ദേഹം പറയുന്നു: 'ജൽസയെക്കുറിച്ചുള്ള എന്റെ വികാരങ്ങൾ വാക്കുകളാൽ പ്രകടിപ്പിക്കാൻ എനിക്കു കഴിയുകയില്ല. എനിക്ക് അറുപത്തിയഞ്ച് വയസ്സായി, ഞാൻ ലോകത്ത് പല വലിയ കോൺഫറൻസുകളിലും പങ്കെടുത്തിട്ടുണ്ട്. എന്നാൽ, ജൽസ പോലുള്ള ഇത്രയും വിപുലവും സുസംഘടിതവുമായ ഒരു കോൺഫറൻസിൽ ഞാൻ പങ്കെടുത്തിട്ടില്ല. 46,000-ൽ അധികം ആളുകൾ പങ്കെടുത്തു. ഓരോ വ്യക്തിയും പരസ്പരം കാണുമ്പോൾ സ്നേഹത്തോടും വാത്സല്യത്തോടും കൂടിയായിരുന്നു പെരുമാറിയിരുന്നത്. എല്ലാവരും ഒരു കുടുംബത്തിന്റെ ഭാഗമാണെന്ന് തോന്നി. ഈ ലോകത്ത് സമാധാനത്തിന് ദൈവത്തിന്റെ ആവശ്യമുണ്ടെന്ന് അദ്ദേഹം പറയുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശം ഞങ്ങളുടെ രാജ്യത്ത് വ്യാപിക്കണമെന്നും, ഞങ്ങളുടെ നേതാക്കളിലേക്ക് ഈ സന്ദേശം എത്തണമെന്നും ഞാനാഗ്രഹിക്കുന്നു. ഞങ്ങളുടെ രാജ്യത്തിലും അഹ്മദിയ്യാ ജമാഅത്തിന്റെ മിഷനുകൾ തുറക്കണം. ഞാൻ ജമാഅത്തിന്റെ ഇമാമിന്റെ എല്ലാ പ്രസംഗങ്ങളും കേട്ടു. അതെന്റെ ഹൃദയത്തെ സ്പർശിച്ചു. ഈ സന്ദേശം ലോകത്തിലെ എല്ലാ നേതാക്കളും കേൾക്കണം. അങ്ങനെയായാൽ അവരും തങ്ങളുടെ ഉത്തരവാദിത്വങ്ങളെക്കുറിച്ച് ബോധവാന്മാരാകുന്നതാണ്.

ബെലീസിൽനിന്നുള്ള നവ അഹ്മദി ഈഥൻ മരിയാനോസ് സാഹിബ് പറയുന്നു: 'ജൽസയിൽ പങ്കെടുക്കുകയും ഖലീഫയെ കാണുകയും ചെയ്തതിലൂടെ എന്റെ വിശ്വാസം വർധിച്ചു. ഞാനെന്റെ അവസാന ശ്വാസംവരെ ഖലീഫയുടെ വിശ്വസ്തനായിരിക്കും. ഞാൻ ഖിലാഫത്തിനെ സ്നേഹിക്കുന്നു.' അദ്ദേഹം തുടർന്ന് പറയുന്നു: 'പാശ്ചാത്യ സമൂഹം നമ്മളെ പഠിപ്പിക്കുന്നത്, ആരെങ്കിലും നിങ്ങൾക്കു വേണ്ടി എന്തെങ്കിലും ചെയ്യുന്നുണ്ടെങ്കിൽ, അത് ചെയ്യാൻ അനുവദിക്കുക എന്നതാണ്. എന്നാൽ, ഇവിടെ ഓരോ വ്യക്തിയും കൂടുതൽ ക്കൂടുതൽ സേവനം ചെയ്യാനും അങ്ങനെ കൂടുതൽ അനുഗ്രഹം നേടാനും ശ്രമിക്കുന്നു. എല്ലാവരും അവരുടെ പരിധിക്കപ്പുറമാണ് സഹായിക്കുന്നത്. പ്രായമോ തലമുറയോ ഒരു വിഷയമല്ല എന്നതു കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. എല്ലാവരും പരസ്പരം സ്നേഹിക്കുന്നു. സേവനം ചെയ്യാനാഗ്രഹിക്കുന്നു. ആളുകളുമായി സംസാരിച്ചപ്പോൾ, ഇവിടെയുള്ള ആളുകൾ അവരുടെ തൊഴിലിനെക്കാൾ സൃഷ്ടിസേവനത്തിന് കൂടുതൽ പ്രാധാന്യം നലികുന്നു എന്നത് വ്യക്തമായി. ഈ അനുഗ്രഹങ്ങൾ നേടുന്നതിന് അവരുടെ ജോലികൾ ഉപേക്ഷിക്കുന്നതാണ് അവർക്ക് കൂടുതൽ പ്രധാനമായി തോന്നുന്നത്. അദ്ദേഹം പറയുന്നു:'ജൽസക്കുശേഷം എന്റെ ജീവിതത്തിലുണ്ടായ മാറ്റം അത്ഭുതകരമാണ്. ഖിലാഫത്തിന്റെ മൂല്യം അറിയാത്ത അവസ്ഥയിൽനിന്ന് ഖലീഫയോടു എന്റെ ഹൃദയത്തിൽ തീവ്രമായ സ്നേഹമുണ്ടാകുന്ന സ്ഥിതിവിശേഷത്തിലേക്കുള്ള യാത്ര ശരിക്കും സ്മർത്തവ്യമാണ്. മുമ്പേ എനിക്ക് ഖിലാഫത്തിന്റെ മൂല്യം അറിയില്ലായിരുന്നു. എന്നാലിപ്പോൾ എനിക്ക് ഖിലാഫത്തിനോടു വലിയ സ്നേഹമുണ്ട്. ബെലീസിൽ കുറച്ചാളുകൾ ഒരിടത്ത് ഒരുമിച്ചാൽപ്പോലും തർക്കങ്ങൾ ഉടലെടുക്കാറുണ്ട്. ഞങ്ങളുടെ നഗരത്തിന്റെ ആകെ ജനസംഖ്യ 50,000 ആണെന്ന് സൂചിപ്പിച്ചുകൊണ്ട് അദ്ദേഹം പറയുന്നു: ഇവിടെയും 50,000 ആളുകൾ പങ്കെടുത്തിരുന്നു. പക്ഷേ, പൂർണമായും സമാധാനാന്തരീക്ഷമായിരുന്നു.' അദ്ദേഹം പറയുന്നു: 'വളരെ സംഘടിതമായ ക്രമീകരണങ്ങൾ, വളരെ സൂക്ഷ്മമായി ചിന്തിച്ചുണ്ടാക്കിയ ഓരോ ക്രമീകരണങ്ങളും, കുട്ടികൾ വെള്ളം നല്കുന്നത്, യുവജനങ്ങൾ പാർക്കിംഗിൽ കാറുകൾ വരിയിൽ നിറുത്തുന്നത്, ഭക്ഷണം വിതരണം ചെയ്യുന്നത്, ശുചീകരണം, ഓരോ വ്യക്തിയും പൂർണമായ അർപ്പണബോധത്തോടും സ്നേഹത്തോടുംകൂടി ജോലി ചെയ്യുന്നു.'

'ഉന്നത തൊഴിൽ മേഖലകളിലുള്ള ആളുകൾ പോലും അഹംഭാവം കൂടാതെ സേവനത്തിൽ ഏർപ്പെട്ടിരിക്കുന്നത് കാണുന്നു. അത് വളരെ ആകർഷകമാണ്. അവർ സേവനം ചെയ്യാൻ മാത്രം ആഗ്രഹിക്കുന്നു. അല്ലാഹുവിന്റെ പ്രീതി നേടാനാഗ്രഹിക്കുന്നു എന്നത് മാത്രമാണ് അതിനുള്ള കാരണം. യുവജനങ്ങളുമായി സംസാരിച്ചപ്പോൾ, എല്ലാവരും വിദ്യാഭ്യാസത്തിന് വലിയ പ്രാധാന്യം നൽകുന്നു വെന്ന് മനസ്സിലായി.

ചെക്ക് റിപ്പബ്ലിക്കിൽ നിന്നുള്ള ഒരു സീനിയർ പ്രൊഫസർ പീറ്റർ പിലികാൻ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം ചെക്ക് റിപ്പബ്ലിക്കിലെ ഇസ്‌ലാമിക പഠനങ്ങളിലും ഫിഖ്ഹിലും (ഇസ്‌ലാമിക കർമശാസ്ത്രം) വിദഗ്ധനാണ്. അദ്ദേഹം സർക്കാർ തലത്തിൽ വിവിധ സ്ഥാനങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹം വിവിധ പത്രമാസികകളിൽ ലേഖനങ്ങളെഴുതുന്നു. അദ്ദേഹം ഒരു സുന്നി മുസ്‌ലിമാണ്. അദ്ദേഹം പറയുന്നു: ഇതെന്റെ രണ്ടാമത്തെ ജൽസയാണ്. ഞാൻ ആദ്യം ജർമനിയിലെ ജൽസയിൽ പങ്കെടുത്തിരുന്നു. അവിടെ ഞാൻ കണ്ട അതേ ഉയർന്ന നിലവാരം ഇവിടെയും കണ്ടു. എന്നാൽ, ഇവിടെ ഒരു അധികമായ കാര്യമുണ്ടായിരുന്നത് ഖലീഫയുടെ സാന്നിധ്യമാണ്. അതെന്നെ വളരെ സ്വാധീനിച്ചു. ഞാൻ ലോകത്ത് പല സംഗമങ്ങളും പ്രദർശനങ്ങളും കണ്ടിട്ടുണ്ട്. എന്നാൽ, ഈ നിലവാരത്തിലുള്ള ഐക്യവും, സ്നേഹവും, സമാധാനപരമായ അന്തരീക്ഷവും ഞാൻ ആദ്യമായി കാണുകയാണ്. ഇവിടെ ഓരോ വ്യക്തിയുടെയും മുഖത്ത് പുഞ്ചിരിയും സേവന വികാരവും പ്രകടമായിരുന്നു. അത് അഹ്മദിയ്യാ ജമാഅത്തിന്റെ ഉദാത്തമായ ശിക്ഷണത്തിന്റെ നിദർശനമാണ്. ഖലീഫയുടെ ആദ്യ പ്രസംഗവും എനിക്ക് അപ്രതീക്ഷിതവും അത്ഭുതകരവുമായ അനുഭവമായിരുന്നു എന്ന് അദ്ദേഹം പറയുന്നു. ഖലീഫ എല്ലാ കാര്യങ്ങളും വളരെ വസ്തുനിഷ്ഠമായി സംസാരിച്ചു. അതിഥികളെക്കുറിച്ച് പറഞ്ഞു, അവരെ എങ്ങനെ ശ്രദ്ധിക്കണം, അവരുടെ ഹൃദയം ഒരു കണ്ണാടി പോലെയാണെന്നും അവരെ ശ്രദ്ധിക്കണമെന്നും പറഞ്ഞു. പ്രവർത്തകർ ഈ കാര്യത്തിൽ ശ്രദ്ധിക്കുകയും ശരിക്കും അവരെ ശ്രദ്ധിക്കുകയും ചെയ്തു. അദ്ദേഹം പറയുന്നു: 'സുരക്ഷാക്രമീകരണങ്ങളും മികച്ചതായിരുന്നു, എല്ലാ ജോലികളും വളരെ സംഘടിതമായ രീതിയിലാണ് നടന്നത്. ഒരുവിധ തടസ്സവുമില്ലാതെ ഈ ജോലികൾ നടന്നത് അത്ഭുതകരമായിരുന്നു. എല്ലാം സുഗമമായിരുന്നു. മറ്റുള്ളവരും ഇവിടെ തീർച്ചയായും വരണം. അങ്ങനെ വന്ന് ഈ സാഹോദര്യത്തിന്റെയും സ്നേഹത്തിന്റെയും, ഐക്യത്തിന്റെയും, സമാധാനത്തിന്റെയും അന്തരീക്ഷം സ്വന്തം കണ്ണുകൊണ്ട് കാണുകയും അനുഭവിക്കുകയും വേണം. ഇത് ഓരോ വ്യക്തിയും കുറഞ്ഞത് ഒരു തവണയെങ്കിലും നേടേണ്ടൊരു അനുഭവമാണ്'.

ഈ അനുഭവംകൊണ്ട് അഹ്മദിയ്യാ ജമാഅത്തിന്റെ ഭാവി ശോഭനമാണെന്ന് എനിക്ക് വിശ്വാസമുണ്ട്. ഈ ജൽസ എന്റെ ഹൃദയത്തിൽ ഇസ്‌ലാമിനെക്കുറിച്ച് കൂടുതൽ ആഴവും വിശാലതയും സൃഷ്ടിച്ചു. ഞാൻ ഒരു സുന്നി മുസ്‌ലിമാണെങ്കിലും, ഞാനൊരിക്കലും അഹ്മദി സഹോദരങ്ങളെ ഇസ്‌ലാമിന്റെ വൃത്തത്തിന് പുറത്തുള്ളവരായി കണക്കാക്കിയിട്ടില്ല. ഇവിടെ എനിക്ക് വിവിധ ഭാഷകൾ സംസാരിക്കുന്ന അഹ്മദി പണ്ഡിതന്മാരുമായും സഹോദരങ്ങളുമായും നേരിട്ട് സംസാരിക്കാൻ അവസരം ലഭിച്ചു. അവർ വളരെ ആത്മാർഥതയോടെ

• ഹദീഥുന്നബ്‌വി ﷺ •

"അത്തഅ്‌സിയത്തു മർറത്തുൻ."
അനുശോചനം ഒറ്റത്തവണ മതി.

ത്വാലിബെ ദുആ
E.H.NAJEEB AND FAMILY
KAKKANAD, ERNAKULAM

• ഹദീഥുന്നബ്‌വി ﷺ •

"അദ്ദുആഉ ഹുവൽ ഇബാദത്തു."
ദുആ തന്നെയാണ് യഥാർഥ ആരാധന

ത്വാലിബെ ദുആ
P. SAFFAR AHMAD &FAMILY
JAMA'ATH KARULAI, MALAPPURAM,KERALA.

ജമാഅത്തിന്റെ വിശ്വാസങ്ങളെയും ആശയങ്ങളെയുംക്കുറിച്ച് എന്നെ അറിയിച്ചു. ഇതെനിക്ക് ഒരു മുസ്‌ലിമെന്ന നിലയിലും ചെക്ക് റിപ്പബ്ലിക്കിലെ പ്രൊഫസർ എന്ന നിലയിലും വളരെ പ്രധാനപ്പെട്ടതാണ്.' അദ്ദേഹം പറയുന്നു: 'എനിക്ക് സന്നദ്ധപ്രവർത്തകരുമായും സംസാരിക്കാൻ അവസരം ലഭിച്ചു. അതിൽ വൃദ്ധരും യുവാക്കളുമുണ്ടായിരുന്നു. അവരെല്ലാവരോടും ഞാൻ ചോദിച്ചു, നിങ്ങൾ എന്തിനാണ് ഈ സേവനം ചെയ്യുന്നത്? എല്ലാവരുടെയും ഉത്തരം ഏതാണ്ട് ഒന്നുതന്നെയായിരുന്നു. ഞങ്ങൾ ഈ സേവനം അല്ലാഹുവിന്റെ പ്രീതിക്കു വേണ്ടിയും, മസീഹ് മൗഊദി(അ)ന്റെ അതിഥികൾക്ക് വേണ്ടിയും, ഞങ്ങളുടെ സ്വന്തം ആത്മീയ പുരോഗതിക്കും നവീകരണത്തിനും വേണ്ടിയുമാണ് ചെയ്യുന്നത്. ഒരു ഖാദിം പറഞ്ഞു: കഴിഞ്ഞ 15 വർഷമായി ഞാൻ ഈ വകുപ്പിൽ സേവനം ചെയ്യുന്നു. ഞാനൊരു കുട്ടിയായിരുന്നപ്പോൾ മുതൽ എല്ലാ വർഷവും ജൽസയുടെ ദിവസങ്ങൾ മസീഹ് മൗഊദി(അ)ന്റെ അതിഥികളെ സേവിക്കാൻവേണ്ടി സമർപ്പിക്കുന്നു. ഈ സേവനങ്ങളെല്ലാം അവർ ഒരുവിധ ഭൗതിക പ്രതിഫലമോ അംഗീകാരമോ ഇല്ലാതെയാണ് ചെയ്യുന്നത്. എന്റെ കാഴ്ചപ്പാടിൽ, ഖിലാഫത്ത് അവരുടെ ഹൃദയങ്ങളിൽ ഉറപ്പിച്ച ആ ഉയർന്ന ആത്മീയ പരിശീലനമാണിത്. അതുകൊണ്ടാണ് ഓരോ പ്രവർത്തകനും ആത്മാർഥത, ത്യാഗം, സ്നേഹം എന്നീ വികാരങ്ങളോടെ അവരുടെ സേവനം നിർവഹിക്കുന്നത്. ഈ ആത്മാർഥതയുള്ള സന്നദ്ധപ്രവർത്തകരോടു എന്റെ ഹൃദയത്തിൽ വലിയ ബഹുമാനവും ആദരവുമുണ്ട്. അവരേതു കാലാവസ്ഥയിലും, ഏതവസ്ഥയിലും നിസ്വാർഥമായി അവരുടെ കഴിവുകൾ സമർപ്പിക്കാൻ തയ്യാറാണ്. ഒരു പ്രൊഫസർ എന്ന നിലയിൽ, അഹ്മദിയ്യാ ജമാഅത്ത് വിദ്യാഭ്യാസത്തിനും പഠനത്തിനും എത്രമാത്രം പ്രാധാന്യം നല്കുന്നുവെന്നത് എനിക്ക് സന്തോഷകരവും അത്ഭുതകരവുമായ കാര്യമായിരുന്നു. ഞാൻ ബുക്സ്റ്റാളുകളിൽ മണിക്കൂറുകളോളം ചെലവഴിച്ചു. ഞാൻ വിവിധ പുസ്തകങ്ങൾ സൂക്ഷ്മമായി പഠിച്ചു. അവയുടെ നിലവാരം, ഉള്ളടക്കം, അക്കാദമിക് ശൈലി എന്നിവ വളരെ മികച്ചതും പ്രശംസനീയവുമാണെന്ന് ഞാൻ കണ്ടെത്തി. ഇതൊരു അത്ഭുതകരവും ആകർഷകവുമായ അക്കാദമിക് സേവനമാണ്. ഇതുപോലെ അദ്ദേഹം വേറെയും വികാരങ്ങളും ചിന്തകളും പങ്കുവയ്ക്കുകയുണ്ടായി.

ഫ്രഞ്ച് ഗ്യാനയിൽനിന്നുള്ള നവ അഹ്മദി അമീന മാലാസിംഗ സാഹിബ പറയുന്നു: "ജൽസയിൽ എന്റെ ഹൃദയത്തെ ഏറ്റവും കൂടുതൽ സ്പർശിച്ച കാര്യം ആളുകളുടെ പെരുമാറ്റവും അവരുടെ അതിഥി സൽക്കാരവുമാണ്. നിങ്ങൾ ക്ഷീണിതനാണെങ്കിൽ, ഇരിക്കാൻ ഒരിടം വേണമെങ്കിൽ, അവിടെ ഇരിക്കുന്ന ആളുകൾ ഉടൻ എഴുന്നേറ്റ് തങ്ങളുടെ സ്ഥലം തരുമായിരുന്നു. ഒരുതരം സമാധാനവും സ്വാതന്ത്ര്യവും അനുഭവപ്പെട്ടു. ഒരു ആത്മീയാന്തരീക്ഷം, അത് വാക്കുകൾക്കതീതമാണ്. എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച നിമിഷം ഖലീഫയെ കണ്ടതും അദ്ദേഹത്തെ സന്ദർശിച്ചതുമാണ്. എന്റെ കണ്ണിൽനിന്ന് അറിയാതെ കണ്ണുനീർ വന്നു. തുടക്കത്തിൽത്തന്നെ ഖിലാഫത്തിനോടുള്ള ഈ ബന്ധവും വിശ്വസ്തതയും അല്ലാഹുതന്നെ സൃഷ്ടിച്ചതാണ്, ഒരു മനുഷ്യനും ഇത് സൃഷ്ടിക്കാൻ കഴിയില്ലെന്ന് എനിക്ക് മനസ്സിലായി.

ബൾഗേറിയയിൽ നിന്നുള്ള ഒരു നവഅഹ്മദി ഇവേലിന സാഹിബ പറയുന്നു: 'ഞാനെന്റെ വീട്ടിലെ ഏക അഹ്മദിയാണ്. ഞാൻ അഹ്മദിയ്യത്തിനെക്കുറിച്ച് വളരെ ആഴത്തിൽ പഠിച്ചു. മൂന്ന് വർഷത്തെ ഗവേഷണത്തിനു ശേഷം അത് സ്വീകരിച്ചു. ഇത് യു.കെയിലെ എന്റെ ആദ്യത്തെ ജൽസയാണ്. ഇത് വളരെ ആത്മീയമായൊരു ജൽസയായിരുന്നു. ഈയൊരു അവസരത്തിന് ഞാൻ ദീർഘകാലമായി കാത്തിരിക്കുകയായിരുന്നു. യു.കെയിലെ ഏറ്റവും വലിയ ജൽസയാണിത്. കാരണം മസീഹിന്റെ ഖലീഫ ഇതിൽ പങ്കെടുക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു.' അവർ പറയുന്നു: 'ഈ അനുഗൃഹീത ദിവസങ്ങളിൽ ഞാൻ സമാനതകളില്ലാത്ത ഒരു ആത്മീയാന്തരീക്ഷമാണ് അനുഭവിച്ചത്. അതിന്റെ ഭാഗമാകാൻ എനിക്ക് അവസരം ലഭിച്ചു. ദൈവാർപ്പിതരുടെ ഇടയിൽ കഴിഞ്ഞപ്പോൾ ദൈവവുമായുള്ള എന്റെ ബന്ധം കൂടുതൽ ശക്തമായി. സാഹോദര്യത്തിന്റെ വികാരവും ഉയർന്ന ധാർമികവും ആത്മീയവുമായ നിലവാരവും എല്ലാ വശങ്ങളിലും എന്നെ ആഴത്തിൽ സ്വാധീനിച്ചു. ഈ മഹത്തായ ജൽസ സംഘടിപ്പിക്കാൻ അക്ഷീണം പ്രയത്നിച്ച എല്ലാ പ്രവർത്തകർക്കും, സന്നദ്ധപ്രവർത്തകർക്കും, സംഘാടകർക്കും ഞാൻ എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്ന് നന്ദി പറയുന്നു. എന്റെ ഈ അനുഭവം വളരെ മികച്ചതായിരുന്നു. വളരെ പ്രഭാപൂർണമായിരുന്നു. കാരണം ഇവിടെ അതിഥികളുടെ സൗകര്യവും, വിശ്രമവും വളരെ സൂക്ഷ്മതയോടെ പരിഗണിക്കപ്പെട്ടു. ഈ അനുഗൃഹീത ജൽസയുടെ അവസാനം, ഞാൻ കൂടുതൽ ശക്തമായ വിശ്വാസത്തോടും, കൂടുതൽ ശരിയായ അറിവോടും, യഥാർഥ ഇസ്‌ലാമുമായി എന്റെ ബന്ധം ഉറപ്പിച്ചു എന്ന ബോധ്യത്തോടും കൂടിയാണ് വീട്ടിലേക്ക് മടങ്ങുന്നത്. എന്നെ ഏറ്റവും കൂടുതൽ സ്വാധീനിച്ച നിമിഷം ഹദ്റത്ത് മസീഹ് മൗഊദിന്റെ(അ) ആഗമനത്തെക്കുറിച്ച് ഖലീഫത്തുൽ മസീഹ് നടത്തിയ പ്രഭാഷണമാണ്. അതിനെക്കുറിച്ച് നമ്മുടെ നബിﷺതിരുമേനി വാഗ്ദാനം ചെയ്തിരുന്നു. ഞാനീ വിഷയത്തിൽ മുമ്പേ ചിന്തിച്ചിട്ടുണ്ടെങ്കിലും, ഖലീഫയുടെ വാക്കുകൾ എനിക്ക് പുതിയ ഉൾക്കാഴ്ച നല്കുകയും, മുമ്പേ എന്റെ മുന്നിൽ വരാത്ത പുതിയ തലങ്ങൾ കാണിച്ചുതരുകയും ചെയ്തു. പ്രസ്തുത പ്രഭാഷണം ഖാതമുന്നബിയ്യീനുശേഷം ആരുടെയെങ്കിലും വരാനുള്ള സാധ്യതയെക്കുറിച്ച് ചില എതിരാളികളുന്നയിക്കുന്ന ആരോപണങ്ങൾക്കും സംശയങ്ങൾക്കും ശക്തവും യുക്തിസഹവുമായ മറുപടിയായിരുന്നു. ഈ പ്രഭാഷണം എന്റെ ചിന്തകൾ വികസിപ്പിക്കാനും, എന്റെ ഉൾക്കാഴ്ച ആഴത്തിലാക്കാനും, എന്റെ കാഴ്ചപ്പാട് കൂടുതൽ സമഗ്രമാക്കാനും സഹായിച്ചു.' അവർ തുടർന്ന് പറയുന്നു:'എന്റെ ഹൃദയത്തിൽ അഗാധമായ സ്വാധീനം ചെലുത്തിയ മറ്റൊരു പ്രസംഗം വിശുദ്ധ ഖുർആൻ അല്ലാഹുവിൽ നിന്നുള്ളതാണെന്നതിന്റെ തെളിവുകളാണ്. ഈ ആധുനിക കാലഘട്ടത്തിലെ എതിർപ്പുകൾക്ക് വളരെ യുക്തിസഹവും, തെളിവുകളോടുകൂടിയതും, വ്യക്തവുമായ രീതിയിൽ മറുപടി നല്കിയത് കേട്ടപ്പോൾ എനിക്ക് ആശ്വാസം ലഭിക്കുക മാത്രമല്ല, ഖുർആന്റെ സത്യത്തെ ആരെങ്കിലും കടന്നാക്രമിക്കുമ്പോൾ ആ ആരോപണങ്ങളെ പ്രതിരോധിക്കാൻ എനിക്ക് ഒരു പുതിയ ആത്മവിശ്വാസം ലഭിക്കുകയും ചെയ്തു. ഈ ആളുകളിലുണ്ടാകുന്ന പുതിയൊരു വികാരമാണിത്.

ബ്രസീലിൽ നിന്നുള്ള അതിഥി, പത്രപ്രവർത്തകനും സംസ്ഥാന പാർലമെന്റ് അംഗത്തിന്റെ സെക്രട്ടറിയുമായ ഈഗോർ ലൂക്കാസ് പറയുന്നു:'ജൽസയിലെ പരിപാടികളിൽ സമയനിഷ്ഠം പ്രശംസാർഹമായിരുന്നു. ഇതു വളരെ നല്ലൊരു കാര്യമാണ്. അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളുടെ അതിഥിസൽക്കാരവും ആത്മാർഥതയും വളരെ ആകർഷകമാണ്.'

'ഭക്ഷണം മുതൽ ശുചിമുറികൾ ഉപയോഗിക്കുന്നതുവരെ, യാത്ര മുതൽ ജൽസ സ്ഥലത്തേക്കുള്ള പ്രവേശിക്കാനും, പുറത്ത് കടക്കാനുമുള്ള വഴികളിൽവരെ അ

• ഹദീഥുന്നബ്‌വിﷺ •

"അൽഅയ്‌മനു ഫൽ അയ്‌മനു."
വലതു ഭാഗത്തുള്ളവൻ വലതുഭാഗത്തുള്ളവൻതന്നെ.

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• ഹദീഥുന്നബ്‌വിﷺ •

"അദ്ദുൻയാ മസ്‌റഅത്തുൽ ആഖിറ."
ഇഹലോകം പരലോകത്തിന്റെ കൃഷിയിടമാണ്.




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

തിഥികൾക്ക് എല്ലായ്പ്പോഴും മുൻഗണന നൽകിയിരുന്നു. ഈ അന്തരീക്ഷം മനുഷ്യന് ഐക്യത്തിന്റെയും ത്യാഗത്തിന്റെയും പാഠങ്ങൾ നൽകുന്നു. ഭക്ഷണം പാഴാക്കുന്നത് ഒഴിവാക്കാൻ ഗൗരവമായ ശ്രമങ്ങൾ നടത്തുന്നതോടൊപ്പം എല്ലാവർക്കും ഭക്ഷണം വളരെ ഉദാരമായി നല്കുന്നു എന്നതും എന്നെ ആകർഷിച്ചു.'

ഇന്തൊനേഷ്യയിൽ നിന്നുള്ള ഒരു അതിഥി, പുരോഹിതനായ ഗോ മാർ ഗുൾടോം, ഇന്തൊനേഷ്യൻ ചർച്ചസ് കമ്യൂണിറ്റിയിലെ മുൻചെയർമാനാണ്. അദ്ദേഹം പറയുന്നു: 'എനിക്ക് അഹ്മദിയ്യത്തിനെക്കുറിച്ച് അറിയുമായിരുന്നു. എന്നാൽ, ഈ ജൽസയിലൂടെ ഞാൻ അതിനെക്കുറിച്ച് കൂടുതൽ നന്നായി മനസ്സിലാക്കി. അതായത് അഹ്മദിയ്യത്ത് ഖാദിയാനിലെ ഒരു കുഗ്രാമത്തിൽ നിന്ന് ആരംഭിച്ച ഒരു ആത്മീയ പ്രസ്ഥാനമാണ്. ഇപ്പോൾ അത് ഒരു ആഗോള പ്രസ്ഥാനമായി മാറിയിരിക്കുന്നു. വിവിധ രാജ്യങ്ങളിൽ നിന്നുള്ള അഹ്മദി സുഹൃത്തുക്കൾ അല്ലാഹുവുമായി ബന്ധം സ്ഥാപിക്കാൻ ഒരേ വികാരത്തോടെ ഇവിടെ വന്നത് ഞാൻ കണ്ടു. ആകർഷകമായ മറ്റൊരു കാര്യം, അല്ലാഹുവുമായുള്ള മനുഷ്യന്റെ ബന്ധം കൂടുതൽ ശക്തമാക്കുന്നതിന് ഊന്നൽ നല്കുന്നു എന്നതാണ്. ഇത് പലരും അവഗണിക്കുന്ന ഒരു കാര്യമാണ്, എന്നാൽ, ഇവിടെ ഇത് ഒരു അടിസ്ഥാന കാര്യമായി മാറുന്നു.' അദ്ദേഹത്തിന് ഇതുപോലുള്ള മറ്റു പല നല്ല അഭിപ്രായങ്ങളുമുണ്ട്.

ഐസ്‌ലാൻഡിൽ നിന്നുള്ള ഒരു അതിഥി, യൂണിവേഴ്സൽ പീസ് ഫെഡറേഷന്റെ ചെയർമാനായ നാൻഡ് കീസറോ സാഹിബ് പറയുന്നു: 'മത്തായി പുസ്തകം 7:16-ൽ എഴുതിയിരിക്കുന്നത്, അവരുടെ ഫലങ്ങളിൽനിന്ന് നിങ്ങൾ അവരെ തിരിച്ചറിയും എന്നാണ്. ഈ വാക്കുകൾ ജൽസസാലാന 2025-ൽ എനിക്ക് വളരെ ഫലപ്രദവും ജീവനുള്ളതുമായ ഒരു യാഥാർഥ്യമായി മാറി. ജൽസയിൽ പങ്കെടുത്തവരുടെ തിളങ്ങുന്നതും സന്തോഷം നിറഞ്ഞതുമായ മുഖങ്ങൾ കണ്ടപ്പോൾ എന്റെ ഹൃദയത്തിൽ വലിയ സ്വാധീനമുണ്ടായി. എന്റെ കാഴ്ചപ്പാടിൽ, അല്ലാഹുവിന്റെ തൃപ്തി തേടി ഒത്തുകൂടിയ ഈ ദാസന്മാരുടെ ഐക്യം കണ്ട് അവൻ സന്തോഷിക്കുന്നു എന്നതിന്റെ വ്യക്തമായ അടയാളമായിരുന്നു ഇത്. ആഫ്രിക്കയിൽ മാനുഷിക സേവനങ്ങൾ ചെയ്യുന്ന ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന സംഘടനയിലെ ഒരു പ്രവർത്തകൻ പറഞ്ഞു: 'ഈ സേവനം മറ്റുള്ളവർക്ക് പ്രയോജനപ്പെടുക മാത്രമല്ല, അത് അവരെ അല്ലാഹുവുമായി കൂടുതൽ അടുപ്പിക്കുകയും ചെയ്യുന്നു. ഇത് വിശ്വാസം പ്രായോഗികമായി പ്രകടിപ്പിക്കുന്നതിന്റെ ശക്തമായ ഓർമപ്പെടുത്തലാണ്.' അദ്ദേഹത്തിന് ഇതുപോലുള്ള മറ്റ് പല അഭിപ്രായങ്ങളുമുണ്ട്.

കസാഖ്സ്ഥാനിൽ നിന്നുള്ള ഒരു അതിഥി സ്വാലിഹ സാഹിബ പറയുന്നു: 'ഞാൻ കസാഖ്സ്ഥാനിയാണ്. ആദ്യമായാണ് ഒരു ജൽസയിൽ പങ്കെടുക്കുന്നത്. പല ഭൗതിക പരിപാടികളിലും കോൺഫറൻസുകളിലും പങ്കെടുക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. എന്നാൽ, ഇവിടെ പങ്കെടുത്തവരുടെ എണ്ണം എന്നെ വളരെ ആകർഷിച്ചു. അതുപോലെ, വിവിധ രാജ്യങ്ങളിൽനിന്ന് വെറും നന്മയ്ക്കും നന്മയുടെ വാക്കുകൾ കേൾക്കുന്നതിനും വേണ്ടി ഇത്രയധികം ആളുകൾ വരുന്നത് എന്നെ ആകർഷിച്ചു. ലോകത്ത് ആളുകൾ എങ്ങനെ സമാധാനത്തോടെയും സൗഹാർദ്ദത്തോടെയും ജീവിക്കണം, വെറുപ്പിന്റെ വികാരങ്ങൾ എങ്ങനെ ഇല്ലാതാക്കണം, സ്നേഹത്തിന് എങ്ങനെ മേൽക്കോയ്മ ഉണ്ടാക്കണം എന്നിവയായിരുന്നു അവരുടെ ലക്ഷ്യം. വനിതകളുടെ പദവി ഉയർത്തുന്നതിനെക്കുറിച്ചുള്ള ഖലീഫയുടെ വാക്കുകൾ വളരെ മികച്ചതായിരുന്നു. ഈ ജൽസയുടെ മുദ്രാവാക്യം 'എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്' എന്നതായിരുന്നു. കൂടാതെ ഇവിടെയുള്ളവരുടെ ഐക്യം നമ്മളൊന്നായിരിക്കണമെന്നതിന്റെ സൂചന നല്കുന്നു. മുമ്പേ ഞാനിതുപോലുള്ള വാക്കുകൾ കേട്ടിട്ടില്ല. ഇതെല്ലാം എന്റെ ആത്മാവിൽ പ്രതിഷ്ഠനേടി. അവർ അനഹ്മദിയായിരുന്നു. പറയുന്നു: ഞാനാദ്യം അഹ്മദിയിത്തിനെ എതിർത്തിരുന്നു. എന്നാൽ, ഈ അന്തരീക്ഷം കണ്ടപ്പോൾ ഞാൻ കുറഞ്ഞ പക്ഷം എതിർപ്പ് ഉപേക്ഷിക്കുകയും പിന്തുണയ്ക്കാൻ തുടങ്ങുകയും ചെയ്തു.

ഓസ്ട്രിയയിൽ നിന്ന് ഇസ്‌ലാമിക് സ്റ്റഡീസ് അധ്യാപകനായ മുസ്തഗ് ളഹീർ നേസ സാഹിബ് വന്നിരുന്നു. അദ്ദേഹം പറയുന്നു: "ജൽസ സാലാനയിൽ ഞാൻ നാലുപാടും സത്യവിശ്വാസികളെയാണ് കണ്ടത്. എല്ലാവരും വളരെ സൗഹൃദം പ്രകടിപ്പിച്ചു. ഇസ്‌ലാമിനെ സേവിക്കാൻ അവർക്ക് പ്രത്യേകമായൊരു വികാരമുണ്ടായിരുന്നു. ഖലീഫയുടെ വാക്കുകൾ, എന്നെ വളരെ ആകർഷിച്ചു. നിലവിൽ, മുഖ്യധാരാ മുസ്‌ലിം പണ്ഡിതന്മാർ താടി നീട്ടുന്നതും പ്രത്യേക വസ്ത്രങ്ങൾ ധരിക്കുന്നതും മാത്രമാണ് എല്ലാമെന്ന് കരുതുന്നു. അവർ നാമമാത്ര മുസ്‌ലിമീങ്ങളാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്ത് മാത്രമാണ് ഇസ്‌ലാമിനെ ആത്മാർഥമായി സേവിക്കുന്ന ഒരേയൊരു സമൂഹം. ഇത് ഒരു പക്ഷേ, ഇരുന്നൂറ് വർഷത്തിനുള്ളിൽ ലോകത്ത് ആധിപത്യം സ്ഥാപിച്ചിരിക്കും. ഞാൻ ഒരു സുന്നി മുസ്‌ലിമാണ്. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകൻ ശരിക്കും ഒരു വിശുദ്ധ വ്യക്തിയായിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോൾ എനിക്ക് തോന്നുന്നു അദ്ദേഹം അക്കാലത്തെ മുജദ്ദിദായിരുന്നു. അദ്ദേഹം ഇത് അംഗീകരിക്കുന്നു. എന്നാൽ, ഇപ്പോഴും ഞാൻ അതിനെക്കുറിച്ച് ചിന്തിക്കുന്നുണ്ടെന്നും, വാഗ്ദത്ത മഹ്ദിയും മസീഹുമായി അംഗീകരിക്കുന്നതിൽ എനിക്കിപ്പോഴും കുറച്ച് ആശങ്കയുണ്ടെന്നും പറയുന്നു. എന്നിരുന്നാലും താൻ അതിനെക്കുറിച്ച് ഗവേഷണം നടത്തുകയാണ്. എന്തായാലും, അദ്ദേഹത്തിന് ഈ ദിശയിലേക്ക് ചിന്ത വന്നിട്ടുണ്ട്. കുറഞ്ഞപക്ഷം, അദ്ദേഹം ഒരു സത്പ്രകൃതനാണ്. അദ്ദേഹം ഞാൻ ചിന്തിക്കാൻ തയ്യാറല്ലെന്ന് പറഞ്ഞ് ധിക്കാരം കാണിക്കുന്നില്ല. പ്രത്യുത 'താൻ ചിന്തിക്കുന്നതാണെന്ന്' അദ്ദേഹം പറയുന്നു.

ക്രിസ്തുമതത്തിൽനിന്ന് ഇസ്‌ലാം സ്വീകരിച്ച ഒരു ബൾഗേറിയക്കാരിയായ നവ അഹ്മദി, അലിസ്റ്റാ റൂഡി സാഹിബ പറയുന്നു: "ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ, എനിക്ക് മുഴുസമയവും ഈ അന്തരീക്ഷത്തിന്റെ ഭാഗമാകാനാകുമോ എന്ന ആശങ്കയുണ്ടായിരുന്നു. കാരണം ഞാൻ പുതിയ ആളാണ്. എന്റെ സംസ്കാരവും ഭാഷയും വ്യത്യസ്തമാണ്. എന്നാൽ, ഞാനിവിടെ കണ്ട ഐക്യവും സ്നേഹവും ലോകത്ത് മറ്റെവിടെയും കണ്ടിട്ടില്ല. ലോകത്തിന്റെ എല്ലാ കോണിൽനിന്നും വന്ന ആളുകളെ ഞാൻ കണ്ടുമുട്ടി. എന്നാൽ, എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളെപ്പോലെയാണ് തോന്നിയത്. അവർ പരസ്പരം അറിയുമായിരുന്നില്ലെങ്കിലും അവർ ചിരിച്ചുകൊണ്ടാണ് സംവദിച്ചത്. ചിലപ്പോൾ മനുഷ്യന്റെ വിശ്വാസത്തിലും ഭക്തിയിലും സംശയങ്ങളുടെയോ അശ്രദ്ധയുടെയോ പൊടിപിടിക്കാറുണ്ട്. ജൽസ സാലാനയിൽ പങ്കെടുക്കുന്നതിലൂടെ ഹൃദയത്തിനും ആത്മാവിനും വീണ്ടും ശുദ്ധി ലഭിക്കുന്നു. ഒരു പുതിയ ആത്മീയ ജീവിതം ആരംഭിക്കുന്നതുപോലെയാണത്. ഈ അനുഭവം ആത്മാവിന് നവോന്മേഷം പകരുകയും ഹൃദയത്തെ ശാന്തിയും സമാധാനവുംകൊണ്ട് നിറയ്ക്കുകയും ചെയ്യുന്നു."

ജോർജിയയിൽ നിന്നുള്ള റോളണ്ട് ഷെമ്പാർട്ടെ പറയുന്നു: "ജൽസയിലെ സമാധാനപരമായ അന്തരീക്ഷം, പ്രസംഗങ്ങൾ, ഖലീഫയുടെ പ്രഭാഷണങ്ങൾ എന്നിവ ആത്മീയതയിൽ പുരോഗതി നല്കുന്നതിൽ വലിയ പങ്കുവഹിക്കുന്നു. അതിഥിസൽക്കാരത്തെക്കുറിച്ചുള്ള ഇസ്‌ലാമിക അധ്യാപനങ്ങളെക്കുറിച്ച് വിവരിക്കുന്ന ജുമുഅ ഖുത്ബ എനിക്ക് വളരെ ഇഷ്ടപ്പെട്ടു. അതുപോലെ, സ്ത്രീകളെക്കുറിച്ചുള്ള ഖലീഫയുടെ പ്രസംഗവും എന്നെ വളരെ ആകർഷിച്ചു. ഞാനൊരു ജോർജിയൻ മുസ്‌ലിമും യൂണിവേഴ്സിറ്റി ലക്ചററുമാണ്. രണ്ടു വർഷം മുമ്പേ എനിക്ക് ജോർജിയയിലെ മികച്ച അധ്യാപകനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. എന്റെ മേഖലയും വിദ്യാഭ്യാസമാണ്. നിങ്ങളുടെ ജമാഅത്ത് സ്ത്രീകളുടെയും പുരുഷന്മാരുടെയും വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിക്കുന്നത് എനിക്ക് വളരെ ഇഷ്ടപ്പെട്ടു. ഈ വർഷം ഇസ്‌ലാംമത തത്ത്വജ്ഞാനം ഇംഗ്ലീഷിൽനിന്ന് ജോർജിയൻ ഭാഷയിൽ വിവർത്തനം ചെയ്യാൻ എനിക്ക് അവസരം ലഭിച്ചു. വിവർത്തനം ചെയ്യുമ്പോൾ എനിക്ക് വളരെയധികം ആനന്ദാനുഭൂതിയുണ്ടായി. ഞായറാഴ്ച ഖലീഫയുടെ സമാപന പ്രഭാഷണത്തിൽ, നിങ്ങളെ വെറുപ്പോടെ നോക്കുന്ന മറ്റു മുസ്‌ലിമീങ്ങളുടെ വ്യാജ ആരോപണങ്ങൾക്ക് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങളോടെ മറുപടി നല്കിയത് എന്നെ ഹഠാദാകർഷിച്ചു. അതുപോലെ ആഗോള ബയ്അത്തിന്റെ ചടങ്ങ് എന്നെ വളരെ ആകർഷിച്ചു. ഇന്ന് ഇസ്‌ലാമിനെക്കുറിച്ച് ഒരു നെഗറ്റീവ് ചിത്രം അവതരിപ്പിക്കപ്പെടുന്നു.

ആർക്കെങ്കിലും ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ കാണണമെങ്കിൽ, അവർ ജൽസയിൽ വന്ന് സ്നേഹം, സാഹോദര്യം, സമാധാനം എന്നിവയുടെ അന്തരീക്ഷം സ്വന്തം കണ്ണുകൊണ്ട് കാണുകയും അനുഭവിക്കുകയും വേണം.

ഇതുപോലെ, കോൺഗ്രസ്മാൻ സെന്റിക്കാർഡോയുടെ ഭാര്യ ജെസീക്ക ഗാർസിയ പറയുന്നു: "ഞാൻ ഗാർഹിക പീഡനവിരുദ്ധ വകുപ്പിൽ ജോലി ചെയ്യുന്നു. ഖലീഫ തന്റെ പ്രഭാഷണത്തിൽ സ്ത്രീകൾക്കെതിരെയുള്ള ശാരീരിക പീഡനത്തെക്കുറിച്ച് മാത്രമല്ല, വൈകാരിക പീഡനത്തെക്കുറിച്ചും സംസാരിച്ചത് കേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഒരു ചോദ്യത്തിന് അവർക്ക് ഉത്തരം ലഭിച്ചിരുന്നില്ല. അതായത്, ഒരു സ്ത്രീക്ക് എന്തെങ്കിലും സംഭവിച്ചാൽ അവർക്ക് എവിടെനിന്നാണ് സഹായം ലഭിക്കുക? തുടർന്ന് ഞാൻ അവരോടു പറഞ്ഞു: ജമാഅത്തിന് ഒരു സംവിധാനമുണ്ട്. അവർക്ക് ഖലീഫയുമായും ജമാഅത്തിന്റെ സംവിധാനവുമായും ബന്ധപ്പെടാം. അപ്പോൾ ജമാഅത്ത് അവരെ സഹായിക്കുന്നതായിരിക്കും. മറ്റു വഴികളും തേടാവുന്നതാണ്. ഈ കാര്യങ്ങളെല്ലാം കേട്ടപ്പോൾ എനിക്ക് ആശ്വാസം തോന്നി. കൂടാതെ ഖലീഫക്ക് ജമാഅത്തിലെ അംഗങ്ങളുമായി ഒരു വ്യക്തിപരമായ ബന്ധമുണ്ടെന്ന കാര്യത്തിലും എനിക്ക് ആശ്വാസം തോന്നി. ചിലർ ഖലീഫ പറഞ്ഞ ചില കാര്യങ്ങളിൽ എതിർപ്പുകൾ ഉന്നയിക്കാറുണ്ട്, പ്രത്യേകിച്ച് സ്ത്രീകളെ പ്രഹരിക്കുന്നതിനെക്കുറിച്ച്. അതിന് നീണ്ട ഒരു വിശദീകരണം ആവശ്യമുണ്ട്. അതൊരു പ്രത്യേക വിഷയമാണ്. കൂടാതെ, ആ വ്യവസ്ഥകൾ പൂർത്തിയാക്കാൻ പോലും കഴിയില്ല. ആ വ്യവസ്ഥകൾ പൂർത്തിയാക്കുമ്പോഴേക്കും അടിക്കേണ്ട സാഹചര്യംതന്നെ ഉണ്ടാകില്ല. അതുകൊണ്ട് അതൊരു വിദൂര സാധ്യത മാത്രമാണ്. അതിനെക്കുറിച്ച് ഇസ്‌ലാം അധ്യാപനം നല്കിയിട്ടുണ്ട്.

സ്വീഡനിൽ നിന്നുള്ള ഒരു അറബ് ലജ്ന അംഗം പറയുന്നു:'ജൽസ സാലാന ഒരു വലിയ വീടു പോലെയാണ്. അത് മുഴുവൻ കുടുംബത്തെയും ഉൾക്കൊള്ളുന്നു. സ്വീഡനിൽ വളരെ കുറച്ച് അറബി അഹ്മദികളെയുള്ളൂ, എന്നാൽ, ജൽസ സാലാനയിൽ അറബ് ടെന്റ് എന്ന് കേൾക്കുമ്പോൾ ഒരു പ്രത്യേക സമാധാനവും അടുപ്പവും തോന്നുന്നു. മറ്റു അറബ് സഹോദരീസഹോദരന്മാരെ കണ്ടുമുട്ടിയപ്പോൾ എനിക്ക് വളരെ സന്തോഷം തോന്നി. ഇത് എന്നെ വളരെ ആകർഷിച്ചു. ഖലീഫയോടോപ്പമുള്ള കൂടിക്കാഴ്ച്ചയും നല്ലൊരു അനുഭവമായിരുന്നു. അല്ലാഹു പങ്കെടുത്ത എല്ലാ അതിഥികളുടെയും ഹൃദയം കൂടുതൽ വിശാലമാക്കുകയും, അവർ അഹ്മദിയ്യത്തിനെയും യഥാർഥ ഇസ്‌ലാമിനെയും മനസ്സിലാക്കുകയും കാലഘട്ടത്തിന്റെ ഇമാമിനെ അംഗീകരിക്കുന്നവരാകുകയും ചെയ്യുമാറാകട്ടെ. നവഅഹ്മദികളുടെ വിശ്വാസവും ആത്മാർഥതയും വർധിപ്പിക്കുമാറാകട്ടെ. അതുപോലെ, എല്ലാ അഹ്മദികൾക്കും ജൽസയിൽ കണ്ടതും കേട്ടതും പ്രാവർത്തികമാക്കാൻ അല്ലാഹു സൗഭാഗ്യമരുളുമാറാകട്ടെ. അവർ അതിനെ അവരുടെ ജീവിതത്തിന്റെ ഭാഗമാക്കുമാറാകട്ടെ. ദീനിനെ ദുൻയാവിനേക്കാൾ മുന്തിക്കുമാറാകട്ടെ. ഈ വികാരം എപ്പോഴും നിലനിൽക്കുമാറാകട്ടെ. എല്ലാ അഹ്മദികളും ജൽസയുടെ അനുഗ്രഹങ്ങളിൽ നിന്ന് എപ്പോഴും ഭാഗഭാക്കാകുമാറാകട്ടെ. കൂടാതെ, അവരുടെ സ്വന്തം ആത്മാവിനെയും ചുറ്റുപാടുകളെയും സംസ്ക്കരിക്കാൻ അവർ പൂർണ്ണമായി ശ്രമിക്കട്ടെ.

ഇതിനെക്കുറിച്ചുള്ള പത്രവാർത്തകളുടെ ഒരു ഹ്രസ്വറിപ്പോർട്ടും ഞാൻ കേൾപ്പിക്കാം.

ഇറ്റലിയിലെ ഒരു പ്രസ്സ് റിപ്പോർട്ടിൽ പറയുന്നത്, യൂറോപ്യൻ പാർലമെന്റിന്റെ ഔദ്യോഗിക ഏജൻസിയായ യൂറോപ്യൻ കമ്യൂണിക്കേഷൻ ന്യൂസ് ഏജൻസി ഈ ജൽസസാലാനയുടെ ചില പ്രധാന സെഷനുകൾ തത്സമയം സംപ്രേക്ഷണം ചെയ്യുകയും വിവിധ അഭിമുഖങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തുവെന്നാണ്. ഇതുവരെ, അറുപത് പത്രങ്ങളിലും മറ്റു പത്ര ഏജൻസികളിലും ജൽസയെക്കുറിച്ചുള്ള റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ഓൺലൈൻ ഇൻഫ്ലുവൻസർസ് എന്റെ ഒരു സന്ദേശവും നല്കിയിട്ടുണ്ട്. ഇറ്റലിയിൽനിന്ന് വന്ന രണ്ട് പത്രപ്രവർത്തകർക്ക് സോഷ്യൽ മീഡിയയിൽ ഏകദേശം അരദശലക്ഷം ഫോളോവേഴ്സുണ്ട്, അവർ ജമാഅത്തിനെക്കുറിച്ച് നല്ല രീതിയിൽ റിപ്പോർട്ട് നല്കി.

ജമാഅത്തിന്റെ പ്രസ് ആൻഡ് മീഡിയ വിഭാഗം നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായി, ഏകദേശം അമ്പത് ദശലക്ഷം ആളുകൾ ഓൺലൈൻ വെബ്സൈറ്റുകളിൽ ഇത് കണ്ടു. ഏകദേശം നാല്പത്തിയൊമ്പത് വെബ്സൈറ്റുകളുണ്ട്. പത്രങ്ങളിൽ പതിനേഴ് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. അത് ദശലക്ഷക്കണക്കിന് ആളുകൾ വായിച്ചു. റേഡിയോയിൽ ഇരുപത്തിയഞ്ച് പരിപാടികൾ ഉണ്ടായിരുന്നു. അതിൽ ഇരുപത് ദശലക്ഷം ആളുകൾ ശ്രോതാക്കളായി. ടിവിയിൽ ജൽസയെക്കുറിച്ച് റിപ്പോർട്ട് നല്കി. ഏകദേശം അഞ്ച് ദശലക്ഷം ആളുകൾ ഇത് കണ്ടു. അതുപോലെ, മാധ്യമ സ്ഥാപനങ്ങളും പത്രപ്രവർത്തകരും പ്രശസ്ത വ്യക്തികളും സോഷ്യൽ മീഡിയയിൽ ഇതിനെക്കുറിച്ച് ഒരുപാട് എഴുതിയിട്ടുണ്ട്. സോഷ്യൽ മീഡിയയിലൂടെ പതിനാലു ദശലക്ഷം ആളുകളിൽ ഈ വാർത്ത എത്തി.

ദൈവകൃപയാൽ, ഇതെല്ലാം കൂട്ടിച്ചേർത്താൽ ഏകദേശം നൂറ് ദശലക്ഷം ആളുകളിൽ ഈ വാർത്ത എത്തിയിട്ടുണ്ട്.പ്രധാന മാധ്യമ സ്ഥാപനങ്ങളിൽ ITV , LBC , The Times , The Guardian , Telegraph , Daily Mail , Independent , BBC Arabic , Twenty One , Daily Express , London Evening Standard , New Arab എന്നിവ ഉൾപ്പെടുന്നു. ഇതുപോലുള്ള മറ്റു നിരവധി മാധ്യമങ്ങളും ഈ വാർത്ത നല്കി.

MTA ആഫ്രിക്കയിലൂടെ എന്റെ പ്രസംഗങ്ങൾ വിവിധ ചാനലുകളിൽ സംപ്രേഷണം ചെയ്തിരുന്നു, ജൽസ സാലാനയുടെ സംപ്രേഷണം കണ്ടതിനുശേഷം അമ്പതിലധികം ആളുകൾ പുതുതായി ബയ്അത്ത് ചെയ്തു. ജൽസ സാലാനയുടെ സംപ്രേഷണം ഇരുപത്തിരണ്ട് ദേശീയ, പ്രാദേശിക ടിവി ചാനലുകളിലുണ്ടായിരുന്നു. മുന്നൂറ്റിനാല് മണിക്കൂർ സംപ്രേഷണമുണ്ടായിരുന്നു. അറുപത്തിയഞ്ച് ദശലക്ഷം ആളുകളിൽ സന്ദേശമെത്തി. ജൽസയുമായി ബന്ധപ്പെട്ട് റേഡിയോ സ്റ്റേഷനുകളിൽ തൊണ്ണൂറ്റിയൊന്ന് വ്യത്യസ്ത റിപ്പോർട്ടുകൾ സംപ്രേഷണം ചെയ്തു. ഈ വഴിയിലൂടെ പതിനാറ് ദശലക്ഷം ആളുകളിൽ സന്ദേശമെത്തി. മറ്റു വിവിധ മാധ്യമ സ്ഥാപനങ്ങളിലൂടെ നാൽപ്പത്തിയേഴ് റിപ്പോർട്ടുകൾ സംപ്രേഷണം ചെയ്തു, അതിലൂടെ നൂറ്റമ്പത് ദശലക്ഷം ആളുകളിൽ സന്ദേശമെത്തി.

ഓരഅ ആഫ്രിക്കയിൽ നിന്നുള്ള അഭിപ്രായമിതാണ്. മാലിയിലെ ഒരു മിഷണറി എഴുതുന്നു: ജൽസയുടെ മൂന്നാം ദിവസം ഒരു ആത്മീയമായ ദൃശ്യം കണ്ടു. രാവിലെ കനത്ത മഴയായിരുന്നു. ഇന്ന് മസ്ജിദിൽ ആരും വരില്ലെന്ന് തോന്നിയിരുന്നു. എന്നാൽ, ആഗോള ബയ്അത്ത് ചടങ്ങിന് തൊട്ടുമുമ്പേ കുറച്ചാളുകൾ–അതിൽ പുതിയ അഹ്മദികളുമുണ്ടായിരുന്നു–മഴ നനഞ്ഞും സൈക്കിളിലും മസ്ജിദിലെത്തി. അവർ മുഴുവൻ നനഞ്ഞിരുന്നു. അപ്പോൾ മിഷണറി അവരോടു ചോദിച്ചു, നിങ്ങൾക്ക് വീട്ടിലിരുന്ന് റേഡിയോയിലൂടെ കേൾക്കാമായിരുന്നല്ലോ, എന്തിനാണ്

ഹദീഥുന്നബവി ﷺ
"അൽഖാലത്തു വാലിദത്തുൻ."
മാതൃസഹോദരിയും മാതാവ് തന്നെയാണ്.
TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

ഹദീഥുന്നബവി ﷺ
"ബജ്ജിലുൽ മശാഇഖ."
പ്രായമുള്ളവരെ ബഹുമാനിക്കുക.
tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

ഈ മഴയത്ത് വന്നത്? അപ്പോൾ ഒരു നവ അഹ്മദി ഇപ്രകാരം മറുപടി പറഞ്ഞു: 'എനിക്ക് വീട്ടിലിരുന്ന് കേൾക്കാമായിരുന്നു പക്ഷേ, അപ്പോൾ ഖലീഫയെ എനിക്ക് നേരിൽ കാണാൻ കഴിയില്ലല്ലോ? ആ സന്തോഷം മറ്റൊന്നിലും ലഭിക്കില്ല. ആഗോള ബയ്അത്തിന്റെ ദിവ്യപ്രകാശവും അനുഗ്രഹങ്ങളും നഷ്ടപ്പെടുത്താനും ഞാനാഗ്രഹിച്ചില്ല. അതുകൊണ്ടാണ് മഴയത്ത് നനഞ്ഞിട്ടാണെങ്കിലും മസ്ജിദിൽ വന്നത്. അല്ലാഹു ഇവരെല്ലാവരുടെയും വിശ്വാസവും ദൃഢനിശ്ചയവും വർദ്ധിപ്പിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാനൊരു ജനാസ ഗാഇബ് നമസ്കാരം നിർവഹിക്കുന്നതാണ്. ഇത് ഗസ്സയിലെ ബഹുമാനപ്പെട്ട അബ്ദുൽ കരീം ജമാൽ പൗഡേ സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസം ഇസ്രായേൽ സൈന്യത്തിന്റെ വെടിവെപ്പിൽ അദ്ദേഹം രക്തസാക്ഷിയായി. *ഇന്നാ ലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ.* പരേതന്റെ സഹോദരൻ പറയുന്നു, അദ്ദേഹത്തിന് നാൽപ്പത്തിയഞ്ച് വയസ്സായിരുന്നു. വിവാഹിതനായിരുന്നു. നാല് പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. മൂത്ത മകന് പതിനാറ് വയസ്സും ഇളയ കുട്ടിക്ക് രണ്ടര വയസ്സുമാണ്.

അദ്ദേഹം ഗസ്സ മുനമ്പിലെ ജമാലിയ പ്രദേശത്താണ് താമസിച്ചിരുന്നത്. അദ്ദേഹം ഒരു യാഥാസ്ഥിതിക മുസലിം കുടുംബത്തിലാണ് വളർന്നത്. പതിനൊന്നാം ക്ലാസിനു ശേഷം, വീട്ടിലെ ചെലവുകൾക്കുവേണ്ടി പിതാവിനെ സഹായിക്കാൻ പിതാവിനോടൊപ്പം കെട്ടിട നിർമാണ തൊഴിലിൽ ചേർന്നു. അദ്ദേഹത്തിന് പതിനൊന്ന് സഹോദരീസഹോദരന്മാരുണ്ടായിരുന്നു, അതിൽ രണ്ടാമനാണ് അദ്ദേഹം. പിന്നീട് അദ്ദേഹം ഒരു ഇരുമ്പ് വർക്കുഷോപ്പ് തുറന്നു. അത് ഇസ്രായേലി ആക്രമണത്തിൽ തകർന്നു. 2013-ൽ തന്റെ സഹോദരൻ വഴിയാണ് അദ്ദേഹം ജമാഅത്തിനെ പരിചയപ്പെട്ടത്. അപ്പോൾത്തന്നെ അദ്ദേഹം ബയ്അത്തും ചെയ്തു. അദ്ദേഹം ജമാഅത്തുമായി നിരന്തരം ബന്ധപ്പെട്ടിരുന്നു. വളരെ സജീവപ്രവർത്തകനും സത്യസന്ധനുമായിരുന്നു. ജമാഅത്തുമായുള്ള ബന്ധം കാരണം, ഗസ്സയിലെ സുരക്ഷാ ഏജൻസികൾ അദ്ദേഹത്തെ പലതവണ ചോദ്യം ചെയ്യുകയും വിവിധ അന്വേഷണങ്ങൾ നേരിടേണ്ടി വരുകയും ചെയ്തു. എന്നാൽ, അദ്ദേഹം തന്റെ നിലപാടുകൾ മാറ്റിയില്ല. അദ്ദേഹം ജമാഅത്തിൽനിന്ന് പന്നാക്കം പോയില്ല. ജമാഅത്തുമായുള്ള ബന്ധം തുടർച്ചയായി നിലനിറുത്തി.

2025-ൽ ഈ അധിനിവേശ സൈന്യം അദ്ദേഹത്തിന്റെ വീട് തകർത്തു. അതിനുശേഷം അദ്ദേഹം വാടക വീട്ടിലാണ് താമസിച്ചിരുന്നത്. പിന്നീട് ഗസ്സ മുനമ്പിലെ അടുത്തകാലത്തെ ക്ഷാമത്തിനു ശേഷം, മരിച്ചയാൾ ദുരിതാശ്വാസ സാമഗ്രികൾ വിതരണം ചെയ്യുന്ന സ്ഥലത്ത് പോയി. ഒരു സൈനിക ഉദ്യോഗസ്ഥൻ, ആട്ട ഉൾപ്പെടെയുള്ള ദുരിതാശ്വാസ സാമഗ്രികൾ അവിടേക്ക് കൊണ്ടുപോകാൻ അനുമതി നല്കിയപ്പോൾ അവിടെ ഒരു വലിയ ജനക്കൂട്ടം തടിച്ചുകൂടി. ജനക്കൂട്ടം ഇസ്രായേൽ സൈന്യത്തിന്റെ വളരെ അടുത്തുള്ള സ്ഥലങ്ങളിലെത്തിയപ്പോൾ, ഇസ്രായേൽ സൈന്യം നിരായുധരായ ആളുകൾക്ക് നേരെ ശക്തമായി വെടിയുതിർത്തു. അതിന്റെ ഫലമായി എന്റെ സഹോദരന്റെ അടുത്ത ഒരു ബന്ധുവിന് പരിക്കേറ്റു. എന്റെ സഹോദരൻ അദ്ദേഹത്തെ സഹായിക്കാൻ ശ്രമിച്ചപ്പോൾ ഒരു വെടിയുണ്ട എന്റെ സഹോദരന്റെ നെഞ്ചിൽ പതിച്ചു, അതിനെത്തുടർന്ന് അദ്ദേഹം സംഭവസ്ഥലത്തുതന്നെ രക്തസാക്ഷിയായി. എന്റെ സഹോദരൻ സഹായിക്കാൻ ശ്രമിച്ച ആ പരിക്കേറ്റ വ്യക്തി പറയുന്നു. എന്റെ സഹോദരൻ രക്തസാക്ഷിയാകുന്നതിനു മുമ്പേ മൂന്നു തവണ കലിമ ചൊല്ലി, മുഹമ്മദ് നബി ﷺ യുടെയും മറ്റ് പ്രവാചകന്മാരുടെയും സുന്നത്തിലാണ് അദ്ദേഹം മരണമടഞ്ഞത്. അദ്ദേഹം മുഹമ്മദ് നബിﷺയുടെ ദീനിലും ഇമാം മഹ്ദിയുടെ ബയ്അത്തിലും ഉറച്ചുനിന്നുകൊണ്ടാണ് മരിച്ചതെന്നതിൽ ഞങ്ങൾക്ക് ആശ്വാസമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം ആത്മാർഥതയും സത്യസന്ധതയുമുള്ള വ്യക്തിയായിരുന്നു.

യു.കെ.യിലെ ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന സംഘടനയുടെ ചുമതല വഹിക്കുന്ന ഡോക്ടർ ഹഫീള് സാഹിബ് പറയുന്നു: 2021 നവംബറിൽ ഞാൻ ജമാഅത്ത് സന്ദർശന് ഗസ്സ ഹ്യൂമാനിറ്റി ഫസ്റ്റിന്റെ പര്യടനവേളയിൽ ഗസ്സയിൽ പോയപ്പോൾ അബ്ദുൽ കരീം സാഹിബിനെ കണ്ടു. ഞാൻ അദ്ദേഹത്തെ കണ്ടപ്പോൾ വളരെ ആത്മാർഥതയും വിശ്വസ്തതയുമുള്ള ഒരു അഹ്മദി മുസ്‌ലിമായിട്ടാണ് എനിക്ക് തോന്നിയത്.

അല്ലാഹു അദ്ദേഹത്തിന്റെ പദവി ഉയർത്തുകയും അദ്ദേഹത്തിന്റെ കുട്ടികളെ സംരക്ഷിക്കുകയും ചെയ്യുമാറാകട്ടെ.(അൽഫള്ൽ ഇന്റർനാഷണൽ 2025 ആഗസ്റ്റ് 22, പേജ് 2-8)വിവർത്തനം: അംനാസ്. പി കെ.)

പേജ് 1 ൽ നിന്ന്

വചനത്തിലെത്തിയപ്പോൾ അയാളുടെ വായിൽനിന്ന് അനിയന്ത്രിതമായി ഫ തബാറക്കല്ലാഹു അഹ്സനുൽഖാലിഖീൻ എന്ന വചനം പുറത്തുവന്നു. 'ഇതു വഹിയാണ്. ഇതും എഴുതുക.' എന്ന് നബിﷺതിരുമേനി പറഞ്ഞു. മുമ്പേ ഓതി വന്ന ആയത്തുകളുടെ ഫലമായി ഈ വചനം സ്വാഭാവികമായുണ്ടായതാണെന്ന വിചാരം അയാൾക്കുണ്ടായില്ല. ഏതുപ്രകാരമാണോ തന്റെ വായിൽ നിന്ന് ഈ ആയത്ത് പുറത്തുവന്നത് നബിﷺതിരുമേനി നഊദുബില്ലാഹ് സ്വയം മുഴുവൻ ഖുർആനും ഉണ്ടാക്കുകയാണെന്ന് അയാൾ മനസ്സിലാക്കി. അങ്ങനെ അയാൾ മുർത്തദ്ദാകുകയും മക്കയിൽനിന്ന് പോകുകയും ചെയ്തു. മക്കാ വിജയത്തിന്റെ വേളയിൽ ആരെയൊക്കെ വധിക്കാനാണോ നബിﷺ തിരുമേനി കൽപ്പിച്ചത് അവരിൽ അബ്ദുല്ലാഹ് ബിൻ അബീ സർഹും ഉണ്ടായിരുന്നു. എന്നാൽ, ഹദ്റത്ത് ഉഥ്മാൻؓഅയാൾക്ക് അഭയം നല്കി. അദ്ദേഹത്തിന്റെ വീട്ടിൽ അയാൾ മൂന്നുദിവസം ഒളിച്ചിരുന്നു. ഒരു ദിവസം നബിﷺതിരുമേനി മക്കക്കാരിൽനിന്ന് ബയ്അത്ത് വാങ്ങിക്കൊണ്ടിരുക്കുമ്പോൾ ഹദ്റത്ത് ഉഥ്മാൻؓ, അബ്ദുല്ലാഹ് ബിൻ അബീ സർഹിനേയും അവിടത്തെ തിരുസന്നിധിയിൽ കൊണ്ടുപോയി. അദ്ദേഹത്തിന്റെ ബയ്അത്ത് സ്വീകരിക്കാൻ അപേക്ഷിച്ചു. നബിﷺ തിരുമേനി ആദ്യം കുറച്ചുസമയം മടിച്ചിരുന്നു. പിന്നീട് അവിടന്ന് അയാളുടെ ബയ്അത്ത് വാങ്ങി. ഇപ്രകാരം വീണ്ടും അയാൾ ഇസ്‌ലാം സ്വീകരിച്ചു.

**അഹ്സനുൽ ഖാലിഖീൻ** എന്നതിനെ സംബന്ധിച്ച് ഇക്കാര്യവും ഓർക്കേണ്ടത് അനിവാര്യമാണ്. ഇതിന്റെ അർഥം അല്ലാഹുവിനെക്കൂടാതെ വേറേയും സ്രഷ്ടാവുണ്ടെന്നല്ല....... അല്ലാഹു പറയുന്നു: നിസ്സംശയം, ലോകത്ത് ധാരാളം കൽപിയിതാവും നിർമാതാവുമുണ്ട്. എന്നാൽ, അവരുടെ കണ്ടുപിടിത്തങ്ങൾക്കും നിർമാണങ്ങൾക്കുമെതിരിൽ അല്ലാഹുവിന്റെ കണ്ടുപിടിത്തവും നിർമാണവും നോക്കുകയാണെങ്കിൽ അവരുടെ കണ്ടുപിടിത്തങ്ങൾ അല്ലാഹുവിന്റെ കണ്ടുപിടിത്തങ്ങൾക്കെതിരിൽ ഒരു യാഥാർഥ്യവുമില്ലാത്തതാണെന്ന് നിങ്ങൾക്ക് അംഗീകരിക്കേണ്ടിവരും. ഇതിന്റെ ഉദാഹരണമെന്താണെന്നാൽ, അല്ലാഹു


• ഹദീഥുന്നബ്വിﷺ •



മരിച്ചവരെ ചീത്ത പറയരുത്,
എന്തുകൊണ്ടെന്നാൽ അവർ മുമ്പേ
അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.
(ബുഖാരി 23:77)

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR
ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP
GOVT.H.S.S, OLAVANN, MOB-8845680091



• ഹദീഥുന്നബ്വിﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"
കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA



• ഹദീഥുന്നബ്വിﷺ •

"ഊസ്വീക്കും ബിൽജാരി."
അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന്
ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

സമീഉം ബസ്വീറുമാണ്. കേൾക്കുന്നവനും കാണുന്നവനുമാണ്. എന്നാൽ, അവൻ മനുഷ്യനെ സംബന്ധിച്ച് പറയുന്നു, ഫജഅൽനാഹു ബസ്വീരിൻ നാം അവനെ കേൾക്കുന്നവനും കാണുന്നവനുമാക്കി. ഇതിന്റെ അർഥം അല്ലാഹുവിന്റെ വിശേഷഗുണമായ സമീയിലും ബസ്വീറിലും മനുഷ്യൻ പങ്കാളിയാണെന്നല്ല. പ്രത്യുത അല്ലാഹു അവന് കേൾക്കുന്നതിനും കാണുന്നതിനും കഴിവു നല്കിയപ്പോൾ ആലങ്കാരികമായി അവനും സമീഅ് എന്നും ബസ്വീറെന്നും പറയപ്പെട്ടതാണ്. പിന്നെ മനുഷ്യനുമേണ്ടിമാത്രമാണ് സമീഅ് ബസ്വീർ എന്നീ പദങ്ങൾ വരുന്നത്. അതായത് കേൾക്കുന്നതിനും കാണുന്നതിനും എത്രമാത്രം അപാരമായ ശ്രേഷ്ഠതയുണ്ടോ അതെല്ലാം അവനിലുണ്ട്. ഇല്ലെങ്കിൽ മനുഷ്യന്റെ കേൾവിയും കാഴ്ചയും എത്രമാത്രം ബലഹീനമാണെന്നാൽ അവന് ദൂരത്തുള്ള ശബ്ദം കേൾക്കാൻ കഴിയില്ല. പിറകുവശത്തു വീണുകിടക്കുന്ന സാധനങ്ങൾ കാണാനും കഴിയുകയില്ല. ഇപ്രകാരം നിസ്സംശയം ലോകത്ത് മറ്റു കൽപിയിതാവും നിർമാതാവുമുണ്ട്. എന്നാൽ, അതിന്റെ സവിശേഷതകളും കണ്ടുപിടിത്തങ്ങളും തികച്ചും നിരർഥമാണ്. പിന്നീട് അത് അല്ലാഹു നല്കിയിട്ടുള്ള ശക്തിയാൽ ത്തന്നെ കണ്ടുപിടിത്തങ്ങളുടെ പരമ്പര നിലനിറുത്തിക്കൊണ്ട് അഹ്സനുൽ ഖാലിഖീനാകുമ്പോൾ എന്തായാലും അല്ലാഹുതന്നെയായി. ഏതെങ്കിലും മനുഷ്യനായില്ല. *(തഫ്സീറെ കബീർ, വാല്യം 6, പേജ് 139, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

പരിഗണിച്ചുകൊണ്ടുള്ളതായിരുന്നു എന്നതാണ്. ഏതെങ്കിലും വ്യക്തിയുടേയോ സംഘത്തിന്റേയോ ചിന്താഗതികളുടെ പരിഷ്കരണത്തിന് ഇത് ഉത്തമമായ മാർഗം ആകാവുന്നതാണ്. അതനുസരിച്ചായിരുന്നു അവിടത്തെ അനുഗൃഹീതമായ സംസാരം. അതുകൊണ്ട് അല്ലാഹുവിന്റെ പ്രത്യേകമായ ഇംഗിതം മറ്റൊന്ന് ഉണ്ടായാലൊഴികെ അവിടത്തെ ഓരോ സംസാരവും ഒരു ഇരുമ്പാണിപോലെ ശ്രോതാവിന്റെ മനസ്സിൽ തറച്ചു കയറുമായിരുന്നു. അവിടന്ന് സംബോധനചെയ്യപ്പെടുന്നവന്റെ ചിന്താഗതികളുടെ ഒഴുക്ക് തെറ്റായ വഴിയിലേക്ക് പോകുന്നതു കണ്ടോ അല്ലെങ്കിൽ അവൻ തെറ്റായവഴിയിൽ പതിക്കാൻ സാധ്യതയുണ്ടെന്ന് മനസ്സിലാക്കിയോ ക്ഷണത്തിൽ ശ്രോതാവിന്റെ മാനസികമായ ഒഴുക്കിനെ വിച്ഛേദിച്ച് അതിന്റെ ദിശമാറ്റുന്ന കാര്യം പറയുമായിരുന്നു. അവിടത്തെ ജീവിതത്തിൽ അത്തരം ഉദാഹരണങ്ങൾ ആയിരക്കണക്കിന് ലഭിക്കുന്നുണ്ട്. എന്നാൽ, ഞാനിവിടെ മാതൃക എന്ന നിലയിൽ അല്പം ചിലത് മാത്രം പറഞ്ഞ് വിരമിക്കുകയാണ്.

## ബദ്ർ യുദ്ധാവസരത്തിലെ മാതൃക

ബദ്ർ യുദ്ധാവസരത്തിൽ മുസ്ലിം സൈന്യം മുമ്പിൽ എത്തിയിരുന്നില്ല, എന്നല്ല ഭൂരിഭാഗം മുസ്ലിമീങ്ങൾക്കും അവിശ്വാസികളുടെ ഒരു ശക്തമായ സൈന്യം മക്കയിൽനിന്ന് പുറപ്പെട്ടുവരുന്നുവെന്നുള്ള വിവരമില്ലായിരുന്നു. കച്ചവടസംഘത്തെ നേരിടേണ്ടിവരുമെന്ന വിചാരത്തോടെമാത്രം അവർ വീട്ടിൽ നിന്ന് പറുപ്പെട്ടതാണ് - ആ നേരത്ത് ചില സ്വഹാബത്ത് മക്കയിലെ അവിശ്വാസികളുടെ ഒരു പട്ടാളക്കാരനെ ഒരു അരുവിക്കരയിൽനിന്ന് പിടിച്ചുകൊണ്ടുവന്ന് നബിﷺതിരുമനിയുടെ സന്നിധിയിൽ ഹാജരാക്കി. നബിﷺ തിരുമേനി അയാളോടു അവിശ്വാസികളുടെ സൈന്യത്തെ സംബന്ധിച്ച് ചില കാര്യങ്ങൾ ചോദിച്ചു. പിന്നീട് മക്കയിലെ നേതാക്കന്മാരിൽ ആരൊക്കെയാണ് കൂടെയുള്ളതെന്ന് ചോദിച്ചു. അയാൾ പറഞ്ഞു: ഉത്ബ, ശെയ്ബ, ഉമയ്യ, നള്ർ ബിൻ ഹാരിഥ്, ഉഖ്ബ, അബൂജഹ്ൽ, അബുൽബഖ്തരി, ഹക്കീം ബീൻ ഹസാം തുടങ്ങിയവരെല്ലാം കൂടെയുണ്ട്. ഇവർ ഖുറയ്ശി ഗോത്രത്തിന്റെ ഊടുംപാവുമായിരുന്നു. അങ്ങേയറ്റം ധീരരും ഫൈൽവാന്മാരായ സേനാധിപരുമായി മനസ്സിലാക്കപ്പെട്ടവരുമായിരുന്നു. അവരുടെ പേരുകേട്ടും മക്കയിലെ മുഴുവൻ പ്രസിദ്ധരായവരും മുസ്ലിമീങ്ങളെ ഉന്മൂലനം ചെയ്യാൻ പുറപ്പെട്ടുവരുന്നുവെന്ന് മനസ്സിലാക്കിയും ദുർബലരായ ചില സ്വഹാബിമാർ പരിഭ്രമിച്ചു. നബിﷺതിരുമേനി അവരെ ദൃഷ്ടി ഉയർത്തി നോക്കി, അനൈച്ഛികമായി പറഞ്ഞു: ***ഹാദിഹീ മക്കത്തു ഖദ് അൽഖത്ത് ഇലയ്ക്കും അഫ്ലാദ കബദിഹാ*** എടുത്തുകൊള്ളുക! മക്ക നിങ്ങളുടെ മുമ്പിൽ അതിന്റെ കരളിന്റെമൂല എടുത്തു വെച്ചിരിക്കുന്നു. അതായത് നിങ്ങൾ സന്തോഷിക്കുക! അല്ലാഹു നിങ്ങൾക്കുവേണ്ടി ഇത്ര വലിയ ഇരയെ ഒരുമിച്ചു കൂട്ടിയിരിക്കുന്നു. ഇതുകേട്ടതോടെ സ്വഹാബത്തിന്റെ ചിന്താഗതികളുടെ ഒഴുക്കിന്റെ ഗതി ക്ഷണത്തിൽ മാറി. ഇതൊരു പരിഭ്രമിക്കേണ്ട അവസരമല്ലെന്നും പ്രത്യുത അല്ലാഹു തന്റെ വാഗ്ദാനങ്ങളനുസരിച്ച് ആ അവിശ്വാസികളുടെ നേതാക്കന്മാരെ തങ്ങളുടെ കൈയാൽ നശിപ്പിക്കുന്നതിനുവേണ്ടി ഒരുമിച്ചു കൂട്ടിയിരിക്കുകയാണെന്നും അവർ മനസ്സിലാക്കി. ഇപ്രകാരം ദുർബലരായ മുസ്ലിമീങ്ങളെ പ്രയാസങ്ങൾക്കും ഭയത്തിനും കാരണമാകുമായിരുന്ന ആ വിവരം നബിﷺതിരുമേനിയുടെ ഒരു അനൈച്ഛികമായ കാര്യംകൊണ്ട് അവരുടെ സന്തോഷത്തിനും അവരെ ശക്തിപ്പെടുത്താനും നിമിത്തമായി. നബിﷺതിരുമേനി ഈ വാക്യം എന്തെങ്കിലും ചിന്തയുടേയോ ആലോചനയുടേയോ ഫലമായല്ല പറഞ്ഞത്. പ്രത്യുത അവിടെ അവിടന്ന് മക്കയിലെ പട്ടാളക്കാരന്റെ വായിൽനിന്ന് ഈ വാക്കുകൾ കേൾക്കുകയും സ്വഹാബത്തിന്റെ മുഖങ്ങളിൽ ദൃഷ്ടി പായിച്ച് പരിഭ്രമം അവരുടെ മുഖത്ത് നിഴലിക്കുന്നതായി കാണുകയും ചെയ്തപ്പോൾ അനൈച്ഛികമായ നിലയിൽ ഇവിടെ ഒരു അമ്പ് അതിന്റെ വില്ലിന്റെ ഞാണിൽനിന്ന് പുറപ്പെടുന്നതുപോലെ അവിടത്തെ വായിൽനിന്ന് ഈ വാക്കുകൾ പുറത്തു വരികയായിരുന്നു. ഈ സംസാരത്തിന്റെ ഫലമായി മുസ്ലിമീങ്ങളുടെ ചിന്താഗതികളുടെ ഒഴുക്ക് ക്ഷണത്തിൽ ഗതിമാറ്റി. (തുടരും)

### എല്ലാ ഓരോകർമവും ദൈവേച്ഛയ്ക്ക് അനുസരിച്ചാവണം

മനുഷ്യൻ വിഷയേച്ഛകളിൽനിന്ന് പരിശുദ്ധനായി സ്വാർഥത കൈവെടിഞ്ഞ് ദൈവേച്ഛയുടെ തണലിലൂടെ സഞ്ചരിക്കാൻ തുടങ്ങുമ്പോൾ അവന്റെ കർമങ്ങളൊന്നും പാഴാവുകയില്ല. അവന്റെ സകല കർമവും ദൈവേച്ഛയ്ക്ക് അനുസരിച്ചായിരിക്കുകയും ചെയ്യും. ദൈവേച്ഛയ്ക്ക് വിരുദ്ധമായി പ്രവർത്തിക്കുമ്പോഴാണ് അവൻ എപ്പോഴും പരീക്ഷണങ്ങളിൽ അകപ്പെടുന്നത്. ദൈവതൃപ്തിക്ക് വിരുദ്ധമായിരിക്കും അത്തരക്കാരുടെ കർമങ്ങൾ. അത്തരം വ്യക്തികൾ തങ്ങളുടെ വികാരാവേശങ്ങൾക്ക് വിധേയരായി നടക്കുന്നു. ഉദാഹരണം, കോപാന്ധനായിക്കൊണ്ട് എന്തെങ്കിലും പ്രവൃത്തി അവനിൽ നിന്നുണ്ടാകുന്നതിന്റെ ഫലമായി കേസും വഴക്കും, അടിപിടിയും ഉണ്ടാകുന്നു. എന്നാൽ, അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് പരിഹാരം കിട്ടാതെ സമാധാനം ലഭിക്കുകയില്ലെന്ന് കരുതുന്നവൻ എല്ലാ കാര്യത്തിലും അല്ലാഹുവിന്റെ ഗ്രന്ഥത്തിലേക്കു തന്നെ മടങ്ങുന്നതാണ്. അത്തരം ഘട്ടങ്ങളിൽ അല്ലാഹുവിന്റെ ഗ്രന്ഥം അവന് പരിഹാരം നൽകുമെന്ന കാര്യം ഉറപ്പാണ്. അല്ലാഹു പറയുന്നു: **വലാ റത്വ്ബിൻ വ്വലാ യാബിസിൻ ഇല്ലാ ഫീ കിതാബിൻ മ്മുബീൻ** പച്ചയോ ഉണങ്ങിയതോ ആയ ഒരു വസ്തുവും സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്താതെയില്ല. (6:60)

അല്ലാഹുവിന്റെ ഗ്രന്ഥത്തിൽനിന്ന് അഭിപ്രായം തേടുമെന്ന് നമ്മൾ തീരുമാനിച്ചാൽ നമുക്ക് തീർച്ചയായും അഭിപ്രായം കിട്ടും. എന്നാൽ, വിഷയേച്ഛകൾക്ക് വശംവദനായവൻ നഷ്ടത്തിലാകുകതന്നെ ചെയ്യും. ചിലപ്പോൾ അവൻ ഇവിടെതന്നെ പിടിക്കപ്പെടും. അതുകൊണ്ട് അല്ലാഹു പറയുന്നു: എന്നോട് സംസാരിക്കുകയും എന്നോടൊപ്പം നടക്കുകയും ചെയ്യുന്ന വലിയ്യ് അതിൽ ലയിച്ചിരിക്കുകയാണ്. ലയനത്തിൽ എത്രകണ്ട് കുറവു വരുന്നുവോ അത്രകണ്ട് അവൻ അല്ലാഹുവിൽ നിന്നകലെയാണ്. എന്നാൽ, അല്ലാഹു പറഞ്ഞതു പ്രകാരമുള്ള ലയനമാണെങ്കിൽ പിന്നെ അവന്റെ ഈമാന് അളവില്ല. അവനെ പിന്തുണച്ചുകൊണ്ട് അല്ലാഹു പറയുന്നു: **മൻ ആദ ലീ വലിയ്യൻ ഫഖദ് ആദൻതുഹൂ ബിൽഹർബി**(അൽഹദീഥ്) എന്റെ വലിയ്യോടുപോരാടുന്നവൻ എനിക്കെതിരെ പോരാടുന്നവനാണ്. മുത്തഖിയുടെ സ്ഥാനം എത്രമാത്രം ഉന്നതമാണെന്ന് ഇനി നിങ്ങൾ നോക്കുക. അവന്റെ സാമീപ്യം അല്ലാഹുവിന്റെ തിരുസന്നിധിയിൽ എന്താണെന്നുവെച്ചാൽ, അവനെ ബുദ്ധിമുട്ടിക്കുകയെന്നാൽ അത് അല്ലാഹുവിനെ ബുദ്ധിമുട്ടിക്കലായിത്തീരുന്നു. ആ സ്ഥിതിയിൽ അല്ലാഹു അവന്റെ എത്ര വലിയ സഹായിയായിരിക്കും?'

• ഹദീഥുന്നബ്വിﷺ •

"അൽഅഅ്മാലു ബിൽ ഖവാതീമി"

കർമങ്ങൾ അതിന്റെ പര്യവസാനത്തിലധിഷ്ഠിതമാണ്.

ത്വാലിബെ ദുആ

RAHMAN SHAKEER & FAMILY
AHMADIYYA JAMA-ATH KARULAI, KERALA

• ഹദീഥുന്നബ്വിﷺ •

"ഊസ്വീക്കും ബിൽജാരി."

അയൽക്കാരനോടു നല്ല നിലയിൽ പെരുമാറണമെന്ന് ഞാൻ നിങ്ങളോടു വസ്വിയ്യത്ത് ചെയ്യുന്നു.

ത്വാലിബെ ദുആ

P. ABDUL AMEER
AHMADIYYA JAMA-ATH MANJERY, KERALA

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 04 September 2025 Issue-36

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

# മുഹമ്മദുനബിﷺ
# മനഃശാസ്ത്ര വിദഗ്ധനെന്ന നിലയിൽ

## ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എം.എ.ؓ
**വിവർത്തനം: മുഹമ്മദു ഇസ്മായീൽ ആലപ്പുഴ**

ലോകത്ത് ഒട്ടനവധി മനഃശാസ്ത്ര വിദഗ്ധർ കഴിഞ്ഞു കടന്നിട്ടുണ്ട്. ഇക്കാലത്ത് ഈ ശാസ്ത്രം പ്രത്യേകമായും വളരെ അഭിവൃദ്ധിപ്പെട്ടിരിക്കുന്നു. പക്ഷേ, ചിന്തിച്ചുനോക്കുന്നതായാൽ ഈ ശാസ്ത്രത്തിന്റെ പണ്ഡിതരെന്ന് പറയപ്പെടുന്ന ഭൂരിഭാഗമാളുകളുടേയും അറിവ് സാങ്കേതികത്വങ്ങളിൽ മാത്രം പരിമിതമാണെന്ന് കാണാം. സാങ്കേതികത്വങ്ങളുടെ ശാസ്ത്രത്തിനു മുകളിൽ കടന്ന് ആരെങ്കിലും യഥാർഥ അറിവുവരെ എത്തിയാലും അതുകേവലം ആ വിദ്യയുടെ ജ്ഞാനപരമായ ഭാഗംവരെ പരിമിതമായിരിക്കും. അതിന്റെ കർമപരമായ ഭാഗം- അതാണ് യഥാർഥ ലക്ഷ്യമായിട്ടുളളത്- ആ വിദ്യയുടെ ഭുരിഭാഗവും വിദഗ്ധരുടെ പ്രാപ്യത്തിന് വെളിയിലാണുളളത്. മാനഃശാസ്ത്രത്തിൽ മാത്രം ക്ലിപ്തമാക്കപ്പെട്ടതല്ല, ലോകത്തിലെ ധാരാളം അറിവുകൾ ഇതേ അപജയത്തിന്റെ അവസ്ഥയിൽ കാണാവുന്നതാണ്. അതായത് ജനങ്ങളുടെ അറിവ് സാങ്കേതികത്വങ്ങളുടെ പരിധിക്കപ്പുറം കടന്നുപോകുന്നില്ല. ഏതു രീതികളിൽ അവർ മുന്നോട്ടു പോയാൽത്തന്നെയും അത് ജ്ഞാനപരമായ വശംവരെ മാത്രം പരിമിതമായിരിക്കും. അറിവുക്കളുടെ കർമപരമായ ഉപയോഗംവരെ എത്തുന്നത് വളരെ കുറച്ചുപേർ മാത്രമാണ്. തർക്കശാസ്ത്രത്തെ നോക്കുക. അവിടെ ആയിരക്കണക്കിന്, ലക്ഷക്കണക്കിന് ആളുകളെ ഈ ശാസ്ത്രത്തിന്റെ വിദഗ്ധരായി കാണാം. എന്നാൽ, അവരുടെ അറിവ് സാങ്കേതികത്വങ്ങളിൽനിന്ന് മുമ്പോട്ടു പോകുന്നില്ല. അവരുടെ പ്രിയപ്പെട്ട ആയുസ്സ് സാങ്കേതികത്വങ്ങൾ മനഃപ്പാഠമാക്കുന്നതിൽമാത്രം ചെലവഴിക്കപ്പെടുന്നു. എതിർ വിസ്താരത്തിന്റേയും മാറ്റത്തിന്റേയും ശരിയായ നൈപുണ്യം ഉണ്ടാകുകയെന്നുളള ആ അറിവിന്റെ യഥാർഥ ഉദ്ദേശ്യത്തിൽനിന്ന് ഭൂരിഭാഗമാളുകളും പിന്തളളപ്പെട്ടുപോകുകയാണ്. എന്നല്ല ചില നേരങ്ങളിൽ തർക്കശാസ്ത്രത്തിന്റെ ആളുകൾ തങ്ങളുടെ തെളിവുകളിൽ കൂടുതൽ ബുദ്ധിശൂന്യരും നിസ്സാരരുമായി കാണപ്പെടുന്നു. കാരണം സാങ്കേതികത്വങ്ങളുടെ പ്രതിസന്ധി അവർക്ക് യാഥാർഥ്യംവരെ എത്തുന്നതിനുളള വഴിയിൽ തടസ്സമായിത്തീരുന്നു. പക്ഷേ, സാധാരണക്കാരെ അപേക്ഷിച്ച് പ്രവാചകന്മാരുടെ അവസ്ഥകളിൽ ദൃഷ്ടി പായിക്കുന്നതായാൽ ഈ വ്യത്യാസം വ്യക്തമായ രീതിയിൽ, അവരുടെ പ്രസ്തുത അറിവുകൾ യാഥാർഥ്യത്തിലധിഷ്ഠിതമാണെന്ന് കാണാൻ കഴിയും. എന്നല്ല ഭൗതികമായ അറിവുകളുടെ കുറവു കാരണത്താൽ അവർ ചില നേരങ്ങളിൽ അറിവുകളുടെ സാങ്കേതികത്വങ്ങളിൽ പരിചയമുളളവരാകുകയില്ല. എന്നാൽ, അവരുടെ പ്രവർത്തനമണ്ഡലവുമായി ബന്ധം വെക്കുന്ന എല്ലാ അറിവിന്റേയും യഥാർഥ ഉദ്ദേശ്യവും തേട്ടവും അല്ലെങ്കിൽ മറ്റുവാക്കുകളിൽ ആ അറിവിന്റെ മജ്ജയേയും ശ്രേഷ്ഠതയേയും കുറിച്ച് അവർക്ക് പൂർണമായ അറിവുണ്ടായിരിക്കുകയും ചെയ്യും. അവരെക്കാളുപരി ആർക്കും അത്തരം അറിവിന്റെ പാണ്ഡിത്യം കിട്ടുകയില്ല.

### നബിമാരും മനഃശാസ്ത്രവും.

മനുഷ്യന്റെ മാനസികമായ പ്രതികരണങ്ങളുടെ അറിവും നബിമാരുടെ പ്രത്യേകമാക്കപ്പെട്ട അറിവുകളുടെ ഭാഗവുമാണ് മനഃശാസ്ത്രവും. കാരണം തർബിയ്യത്തി(വിദ്യനല്കി സംസ്കരിക്കുക)ന്റേയും ഇസ്വ്ലാഹി(പരിഷ്കരിക്കൽ)ന്റേയും പ്രവൃത്തിയുമായി ഈ അറിവിന് പ്രത്യേക ബന്ധമുണ്ട്. എന്നല്ല സത്യം പറഞ്ഞാൽ ശരീഅത്തിന്റെ അടിത്തറയിടൽ അധികവും ഇതേ അറിവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപിതമാകുന്നത്. പക്ഷേ, വിശുദ്ധ ഖുർആൻ നമ്മളോടു പറയുന്നതുപോലെ അവസ്ഥകളിൽനിന്ന് അതുതന്നെയാണ് പ്രകടമാകുന്നത്, നബിമാർക്കും പദവികളുണ്ട്. എത്തരത്തിലുളള ജോലികളാണോ ഓരോ നബിയുടേയും ചുമതലയിൽ വരുന്നത് അതനുസരിച്ച് അയാൾക്ക് അല്ലാഹുവിൽനിന്ന് കഴിവുകൾ നല്കപ്പെടുകയും അറിവുകളുടെ കവാടങ്ങൾ തുറക്കപ്പെടുകയും ചെയ്യുന്നു.

### നബിﷺതിരുമേനിയും മനഃശാസ്ത്രവും

നമ്മുടെ നബിﷺതിരുമേനി ഖാത്തമുന്നബിയ്യീനായിരുന്നു. കഴിഞ്ഞു കടന്ന നബിമാർക്കു വിരുദ്ധമായി അവിടന്ന് മുഴു ലോകത്തിന്റേയും പരിഷ്കരണത്തിന് നിയമിക്കപ്പെട്ടു. അവിടത്തെ സന്ദേശം എല്ലാ കറുത്തവന്റേയും വെളുത്തവന്റേയും പേരിലായിരുന്നു. അവിടത്തെ ന്യായപ്രമാണം എല്ലാ ജനതയ്ക്കും എക്കാലത്തേക്കുംവേണ്ടി അയക്കപ്പെട്ടതായിരുന്നു. അതുകൊണ്ട് സ്വാഭാവികമായും അതിനുള്ളിൽ ശക്തികളും നിക്ഷേപിക്കപ്പെട്ടിരുന്നു. ആ മഹാത്മാവിന് പ്രദാനം ചെയ്യപ്പെട്ട അറിവുകൾ ആ മഹത്തായ ജോലി നിർവഹിക്കുന്നതിന് അത്യാവശ്യമായിരുന്നു. അതിൽ ഒരു നബിക്കും അപമാനമില്ല. മറ്റു നബിമാരിൽ ആർക്കും ആ മഹാത്മാവിന് നല്കപ്പെട്ട അറിവുകൾ നല്കപ്പെട്ടിരുന്നില്ല. അവിടന്ന് ഏതൊരു ശക്തികളുമായാണോ വന്നത് അത് മറ്റാരും കൊണ്ടുവന്നിട്ടില്ല. അതുകൊണ്ടാണ് അവിടന്ന് പറഞ്ഞത് അന സയ്യിദു വലദി ആദമ വലാ ഫഖ്റ ഞാൻ ആദം സന്തികളുടെ നേതാവാകന്നു; എന്നാൽ, അക്കാരണത്താൽ ഞാനെന്റെ ആത്മാവിൽ അഹങ്കാരമൊന്നും കാണുന്നില്ല. നബിﷺതിരുമേനിയാണെങ്കിൽ ദൈവദൂതന്മാരിൽ അതിശ്രേഷ്ഠനായിരുന്നു. അപ്പോൾ തീർച്ചയായും മനഃശാസ്ത്രത്തിലും- പ്രവാചകത്വത്തിന്റെ നിർബന്ധകടമകളോടൊപ്പം അതറിയേണ്ടതും പസ്പരപൂരിതങ്ങൾ എന്ന നിലയിൽ അവിടന്ന് ഏറ്റവും ഒന്നാമനും ഏറ്റവും മുന്നിലും ആകേണ്ടത് അത്യാവശ്യമായിരുന്നു. യഥാർഥത്തിൽ അങ്ങനെത്തന്നെയായിരുന്നുവെന്ന് നമ്മൾ കാണുന്നു. കാരണം നബിﷺ തിരുമേനിയെക്കൊണ്ട് അല്ലാഹു തർബിയ്യത്തിന്റേയും ഇസ്വ്ലാഹിന്റേയും മഹത്തായതും അദ്വിതീയവുമായ ജോലി ചെയ്യിക്കണമായിരുന്നു. അതുകൊണ്ട് ഒരു മുന്തിയ സ്പോഞ്ചിന്റെ കഷണം വെളളത്തിൽ മുക്കിയെടുത്തതിനുശേഷം എപ്രകാരം വെള്ളം നിറഞ്ഞതായിരിക്കുമോ അതേപ്രകാരം ഈ ശാസ്ത്രം ആ മഹാത്മാവിൽ പ്രവേശിപ്പിക്കപ്പെട്ടിരുന്നു. ഒരു പ്രകൃത്യയുളള അരുവി എന്ന നിലയിൽ ഈ ശാസ്ത്രത്തിന്റെ ശാശ്വതമായ സത്യസാക്ഷ്യങ്ങൾ ആ മഹാത്മാവിൽനിന്ന് അണപൊട്ടി ഒഴുകിക്കൊണ്ടിരുന്നു.

എന്നെ സംബന്ധിച്ചിടത്തോളം ഈ ഹ്രസ്വമായ ലേഖനത്തിൽ ഈ വിഷയത്തിന്റെ എല്ലാ വശങ്ങളും വിവരിക്കാനിടമില്ല. എന്നല്ല ഏതെങ്കിലും ഒരു വശംതന്നെ വിശദമായി വിവരിക്കാൻ പറ്റുകയില്ല. അതുകൊണ്ട് ഞാനിവിടെ വളരെ സംക്ഷിപ്തമായി കേവലം കുറച്ചു ഉദാഹരണങ്ങൾ അവിടത്തെ 'സംസാരത്തിൽ' നിന്നുളളവ വിവരിക്കുന്നതാണ്. ഇതിൽനിന്ന് എങ്ങനെയാണ് അവിടത്തെ ഓരോ കാര്യവും മനഃശാസ്ത്രത്തിന്റെ ശാശ്വതമായ നിയമത്തിന്റെ അച്ചിൽ വാർത്തെടുത്ത് പുറത്തുവരുന്നതെന്ന് അറിയാൻ കഴിയും. കൂടുതൽ സംക്ഷിപ്തമാക്കണം എന്ന വിചാരത്തോടെ ഞാൻ അവിടത്തെ നിത്യേനയുണ്ടാകുന്ന സംസാരത്തിൽനിന്ന് അനൈച്ഛികമായി പുറപ്പെട്ട കാര്യങ്ങളുമായി ബന്ധപ്പെട്ട ഭാഗം മാത്രം എടുക്കുകയാണ്.

### നബിﷺതിരുമേനിയുടെ സംസാരത്തിന്റെ ശ്രേഷ്ഠത

ഞാൻ പറഞ്ഞു കഴിഞ്ഞതാണ്, സാധാരണഭാഷയിൽ മനഃശാസ്ത്രമെന്ന് പറയുന്നത് മാനസികമായ വ്യാഖ്യാനത്തിന്റേയും അതുമായി ബന്ധപ്പെട്ട പ്രവൃത്തിയുടേയും പേരാണ്. ഈ ശാസ്ത്രത്തിൽ മാനസികമായ പ്രതികരണംകൊണ്ടാണ് ചർച്ച ചെയ്യുന്നത്. മനുഷ്യൻ എങ്ങനെയാണ് തന്റെ ചുറ്റുപാടുകളിൽനിന്ന് സ്വാധീനം സ്വീകരിക്കുന്നതെന്ന് പറയുകയും ചെയ്യുന്നു. അവന്റെ ചിന്താഗതികളുടെ മുൻവശം എങ്ങനെ, ഏതു നിയമങ്ങൾക്കു വിധേയമായി ചലിക്കുന്നു തുടങ്ങിയവ. നബിﷺതിരുമേനിയുടെ സംസാരത്തിലുണ്ടായിരുന്ന ശ്രേഷ്ഠത സംബോധനചെയ്യപ്പെടുന്നവർ വ്യക്തിയോ സംഘമോ ആരായാലും അവരുടെ മാനസികമായ അവസ്ഥയെ പൂർണമായും

ശേഷം പേജ് 11 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin